# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ഉണ്ണികുളം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/KKD/P9 /973/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 31/08/2021
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഉണ്ണികുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഉണ്ണികുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഉണ്ണികുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/KKD/P9 /973/21 തീയ്യതി: 31/08/2021

## കോഴിക്കോട് ജില്ലയിലെ ഉണ്ണികുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ഉണ്ണികുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 07-02-2020 മുതൽ 13-07-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എം.വാസുദേവൻ | ഡെപ്യൂട്ടി ഡയറക്ടർ | 14-07-2021 | 29-07-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 14-07-2021 | 29-07-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ മോഹൻ കുരുന്നം മനക്കൽ - ഓഡിറ്റ് ഓഫീസർ
ശ്രീമതി ഷൈന .എ).കെ - അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ രാമദാസ്. എം - അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ വിജേഷ്.കെ. കെ - ഓഡിറ്റർ
ശ്രീമതി ജിഷ.പി - ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ബിനോയ്. ഇ. ടി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ. ദീപു രാജു | സെക്രട്ടറി | 01-04-2019 | 06-08-2019 |
| ശ്രീ ഷാജി എം സ്റ്റീഫൻ | സെക്രട്ടറി | 07-08-2019 | 12-01-2020 |
| ശ്രീ സതീശൻ. സി. പി | സെക്രട്ടറി | 13-01-2020 | 31-03-2020 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ദീപു രാജു | സെക്രട്ടറി | 01-04-2019 | 06-08-2019 |
| ശ്രീ ഷാജി എം. സ്റ്റീഫൻ | സെക്രട്ടറി | 07-08-2019 | 12-01-2020 |
| ശ്രീ സതീശൻ .സി. പി | സെക്രട്ടറി | 13-01-2020 | 31-03-2020 |
| ശ്രീ അബ്ദുൾ നസീർ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീ അബ്ദുറഹിമാൻ എം.കെ | ഹെഡ് മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീമതി സൂര്യ. വി.ബി | അസി. എഞ്ചിനീയർ | 01-03-2019 | 18-07-2019 |
| ശ്രീമതി അഞ്ജലി. പി | അസി. എഞ്ചിനീയർ | 19-07-2019 | 31-03-2020 |
| ശ്രമതി സൗമ്യ എസ്. നായർ | വി.ഇ.ഓ | 01-04-2019 | 31-03-2020 |
| ശ്രീ അഭിലാഷ് ടി. കെ | വി.ഇ.ഓ | 01-04-2019 | 31-03-2020 |
| ശ്രീമതി പ്രമീള. കെ, | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി ശ്രീവിദ്യ. എം.കെ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി സിമി | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2019 | 31-03-2020 |
| ശ്രീമതി ഗ്രീഷ്മ. ജി. ജി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2019 | 31-03-2020 |
| ശ്രീമതി ജസിത റഹിം | ക്ഷീര വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ സുരേഷ് കുമാർ. എസ് | അസി. സെക്രട്ടറി | 01-04-2019 | 17-02-2020 |
| ശ്രീ രാജു.ബി.കെ | അസി. സെക്രട്ടറി | 18-02-2020 | 31-03-2020 |
| ശ്രീ സുനിൽ ലാൽ . കെ | മെഡിക്കൽ ഓഫീസർ, പി.എച്ച്. സി | 01-04-2019 | 24-11-2019 |
| ശ്രീ ജമാൽ സി. പി | മെഡിക്കൽ ഓഫീസർ, പി.എച്ച്. സി | 25-11-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Mohan Kurunnam Manakkal (Audit Officer, On 18-07-2021)<br>Last Updated By: Vasudevan M (Deputy Director, On 26-08-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Mohan Kurunnam Manakkal (Audit Officer, On 18-07-2021)<br>Last Updated By: Vasudevan M (Deputy Director, On 26-08-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Mohan Kurunnam Manakkal (Audit Officer, On 18-07-2021)<br>Last Updated By: Vasudevan M (Deputy Director, On 26-08-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Mohan Kurunnam Manakkal (Audit Officer, On 22-07-2021)<br>Last Updated By: Vasudevan M (Deputy Director, On 26-08-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Mohan Kurunnam Manakkal (Audit Officer, On 18-07-2021)<br>Last Updated By: Vasudevan M (Deputy Director, On 26-08-2021) | 1-5 |
| 6 | തൊഴിലുറപ്പു പദ്ധതി<br>Written By: Mohan Kurunnam Manakkal (Audit Officer, On 18-07-2021)<br>Last Updated By: Vasudevan M (Deputy Director, On 26-08-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Mohan Kurunnam Manakkal (Audit Officer, On 18-07-2021)<br>Last Updated By: Vasudevan M (Deputy Director, On 26-08-2021) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Jisha.P (Auditor, On 21-07-2021)<br>Last Updated By: Vasudevan M (Deputy Director, On 26-08-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Mohan Kurunnam Manakkal (Audit Officer, On 18-07-2021)<br>Last Updated By: Vasudevan M (Deputy Director, On 26-08-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Mohan Kurunnam Manakkal (Audit Officer, On 18-07-2021)<br>Last Updated By: Vasudevan M (Deputy Director, On 26-08-2021) | 1-10 |
| 11 | ഗ്രാന്റ് വിനിയോഗം - വിനിയോഗം കുറഞ്ഞതിനാൽ 2.90 കോടി ലാപ്സായി<br>Written By: Mohan Kurunnam Manakkal (Audit Officer, On 18-07-2021)<br>Last Updated By: Vasudevan M (Deputy Director, On 26-08-2021) | 1-11 |
| 12 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Vijesh K.K (Auditor, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 26-08-2021) | 1-12 |
| 13 | വസ്തുനികുതി ഇളവ് അനുവദിക്കൽ-ചട്ടങ്ങൾ പാലിക്കുന്നില്ല.<br>Written By: RAMDAS M. (Asst. Audit Officer, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 26-08-2021) | 1-13 |
| 14 | വായനശാല വിവര വിജ്ഞാന കേന്ദ്രമാക്കൽ- പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Vijesh K.K (Auditor, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 26-08-2021) | 1-14 |
| 15 | എൽപി/യുപി വിദ്യാർത്ഥികൾക്ക് പഠനോപകരണം (എസ്.സി)<br>Written By: Vijesh K.K (Auditor, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 26-08-2021) | 1-15 |
| 16 | എസ്സ്.എസ്സ്.എ വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: Vijesh K.K (Auditor, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 26-08-2021) | 1-16 |
| 17 | അഗതി രഹിത കേരളം പദ്ധതി-ചെലവഴിക്കാതെ തിരിച്ചടവാക്കിയ പ്ളാൻഫണ്ട് തനത് ഫണ്ടിൽ സൂക്ഷിക്കുന്നു.<br>Written By: RAMDAS M. (Asst. Audit Officer, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 26-08-2021) | 1-17 |
| 18 | 'ജ്ഞാനശ്രീ'കള്ളാടി സമുദായ ഉപപദ്ധതി -സമ്പൂർണ്ണപരാജയം | 1-18 |

| | | |
|---|---|---|
| | Written By: RAMDAS M. (Asst. Audit Officer, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 26-08-2021) | |
| 19 | മരാമത്ത് പ്രവർവർത്തികൾ നടപ്പിലാക്കുന്നതിൽ വീഴ്ച<br>Written By: Shyna A.K (Asst. Audit Officer, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 26-08-2021) | 1-19 |
| 20 | കരാർ വയ്ക്കുന്നതിന് കാലതാമസം - കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയിട്ടില്ല<br>Written By: Shyna A.K (Asst. Audit Officer, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 26-08-2021) | 1-20 |
| 21 | പൊതു വാട്ടർ ടാപ്പ് രജിസ്റ്റർ തയ്യാറാക്കിയില്ല<br>Written By: Vijesh K.K (Auditor, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 26-08-2021) | 1-21 |
| 22 | കരുവാറ്റ ക്കുന്ന് കുടിവെള്ള പദ്ധതി - പ്രവർത്തന വിവരം ലഭ്യമാക്കുന്നത് സംബന്ധിച്ച്<br>Written By: Shyna A.K (Asst. Audit Officer, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 26-08-2021) | 1-22 |
| 23 | കൃഷിഭവൻ- സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല<br>Written By: Vijesh K.K (Auditor, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 26-08-2021) | 1-23 |
| 24 | ആറപ്പാത്ത് പൊയിൽ അരീക്കൽ റോഡ് പ്രവർത്തി - ടെണ്ടർ കുറവ് വരുത്താതെ ബിൽ തുക അനുവദിച്ചു<br>Written By: Shyna A.K (Asst. Audit Officer, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 26-08-2021) | 1-24 |
| 25 | കരാർ പ്രകാരം പ്രവർത്തി പൂർത്തീകരിക്കാത്ത കരാറു കാർക്കെതിരെ നടപടി സ്വീകരിച്ചില്ല, പ്രവർത്തിയ്ക്ക് അധികതുക ചെലവഴിച്ചു<br>Written By: Shyna A.K (Asst. Audit Officer, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 26-08-2021) | 1-25 |
| 26 | സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ തയ്യാറാക്കിയില്ല.<br>Written By: Vijesh K.K (Auditor, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 26-08-2021) | 1-26 |
| 27 | എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിലെ അപാകതകൾ<br>Written By: Shyna A.K (Asst. Audit Officer, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 26-08-2021) | 1-27 |
| 28 | നെൽകൃഷിക്ക് കൂലിച്ചിലവ് സബ്സിഡി - പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Vijesh K.K (Auditor, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 26-08-2021) | 1-28 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ആറപ്പാത്ത് പൊയിൽ അരീക്കൽ റോഡ് പ്രവർത്തി - ടെണ്ടർ കുറവ് വരുത്താതെ ബിൽ തുക അനുവദിച്ചു<br>Written By: Shyna A.K (Asst. Audit Officer, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 26-08-2021) | 3-1 |
| 2 | കരാർ പ്രകാരം പ്രവർത്തി പൂർത്തീകരിക്കാത്ത കരാറുകാർക്കെതിരെ നടപടി സ്വീകരിച്ചില്ല, പ്രവർത്തിയ്ക്ക് അധികതുക ചെലവഴിച്ചു്<br>Written By: Shyna A.K (Asst. Audit Officer, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 26-08-2021) | 3-2 |
| 3 | കരാർ വയ്ക്കുന്നതിന് കാലതാമസം - കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയിട്ടില്ല<br>Written By: Shyna A.K (Asst. Audit Officer, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 26-08-2021) | 3-3 |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Mohan Kurunnam Manakkal (Audit Officer, On 18-07-2021)<br>Last Updated By: Vasudevan M (Deputy Director, On 26-08-2021) | 4-1 |

| | | |
|---|---|---|
| 2 | ഡെപ്പോസിറ്റ് വർക്കുകൾക്ക നല്കിയ തുകയുടെ വിവരം<br>Written By: Mohan Kurunnam Manakkal (Audit Officer, On 20-07-2021)<br>Last Updated By: Vasudevan M (Deputy Director, On 26-08-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരം<br>Written By: Mohan Kurunnam Manakkal (Audit Officer, On 20-07-2021)<br>Last Updated By: Vasudevan M (Deputy Director, On 26-08-2021) | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: Mohan Kurunnam Manakkal (Audit Officer, On 20-07-2021)<br>Last Updated By: Vasudevan M (Deputy Director, On 26-08-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Mohan Kurunnam Manakkal (Audit Officer, On 20-07-2021)<br>Last Updated By: Vasudevan M (Deputy Director, On 26-08-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Mohan Kurunnam Manakkal (Audit Officer, On 18-07-2021)<br>Last Updated By: Vasudevan M (Deputy Director, On 26-08-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വിവരം<br>Written By: Mohan Kurunnam Manakkal (Audit Officer, On 18-07-2021)<br>Last Updated By: Vasudevan M (Deputy Director, On 26-08-2021) | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം<br>Written By: Mohan Kurunnam Manakkal (Audit Officer, On 18-07-2021)<br>Last Updated By: Vasudevan M (Deputy Director, On 26-08-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Mohan Kurunnam Manakkal (Audit Officer, On 18-07-2021)<br>Last Updated By: Vasudevan M (Deputy Director, On 26-08-2021) | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം<br>Written By: Mohan Kurunnam Manakkal (Audit Officer, On 18-07-2021)<br>Last Updated By: Vasudevan M (Deputy Director, On 26-08-2021) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

ഗ്രാമ പഞ്ചായത്തിന്റെ 2019-20 വാർഷിക ബജറ്റ് വിവരം താഴെ ചേർക്കുന്നു.

| വിവരണം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| മുൻബാക്കി | 10577834 | 10577834 |
| വരവ് | 339813400 | 349576433 |
| ആകെ | 350391234 | 360154267 |
| ചെലവ് | 338691030 | 351731019 |
| നീക്കിയിരിപ്പ് | 11700204 | 8423248 |
| ഭരണസമിതി തീരുമാനം | 18.2.19 തീരുമാനം നം. 1/1 | 27.3.2020 തീരുമാനം നം. 1/1 |

മുൻ വർഷങ്ങളിലെ യഥാർത്ഥ വരവു ചെലവുകളെയും പരിഗണിച്ചുകൊണ്ടുള്ള യാഥാർത്ഥ്യ ബോധത്തോടെയുള്ള ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ടെന്ന് യഥാർത്ഥ വരവു ചെലവുകളും ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം പ്രതീക്ഷിച്ചതിലെയും അന്തരം പരിശോധിച്ചാൽ മനസ്സിലാക്കാവുന്നതാണ്.പട്ടിക താഴെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥം | വ്യത്യാസം | | ശതമാനം |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | |
| മുന്നിരിപ്പ് | 10577834 | 26593883 | 16016049 | | +151% |
| വരവ് | 339813400 | 112897175 | -- | 226916225 | -66.77% |
| ആകെ | 350391234 | 139491058 | -- | 210900176 | -60.18% |
| ചെലവ് | 338691030 | 103438858 | -- | 235252172 | -69.45% |
| നീക്കിയിരിപ്പ് | 11700204 | 36052200 | 24351996 | | +208% |

പദ്ധതിയേതര ചെലവുകൾ സംബന്ധിച്ച എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചുകൊണ്ട് 15.12.18 ൽ 11നിർവ്വഹണോദ്യോഗസ്ഥർക്ക് കത്ത് നല്കിയിരുന്നെങ്കിലും 9 നിർവ്വഹണോദ്യോഗസ്ഥർ മാത്രമാണ് പദ്ധതിയേതര ചെലവുകൾ സംബന്ധിച്ച് എസ്റ്റിമേറ്റ് ലഭ്യമാക്കിയത്. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ 5.2.19 ലെ 1/19 നമ്പർ തീരുമാനപ്രകാരം 2019-2020ലെ കരട് ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് എസ്റ്റിമേറ്റ് പ്രകാരമുള്ള വരവ് ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനുള്ള കാര്യക്ഷമവും ബോധപൂർവ്വവുമായ പ്രവർത്തനം സ്ഥാപനത്തിന്റെ ഭാഗത്ത് നിന്നും ഉണ്ടാകേണ്ടതുണ്ട്. സ്ഥാപനത്തിന്റെ ശക്തമായ സാമ്പത്തിക നിയന്ത്രണോപാധി എന്ന നിലയിൽ ബജറ്റ് വസ്തുതാപരവും യാഥാർത്ഥ്യബോധത്തോടെയുള്ളതുമാവണം.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 5.6.2020 | - | - |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 26593883 |
| വരവ് | 112897175 |
| ആകെ | 139491058 |
| ചെലവ് | 103438858 |
| നീക്കിയിരിപ്പ് | 36052200 |

1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-(ജനറൽ) (ACR പ്രകാരം) | 0 | 20348855 | 20348855 | 20348855 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 3921834 | 3921834 | 3921834 | 0 |
| വികസന ഫണ്ട്-ടി .എസ്.പി (ACR പ്രകാരം) | 0 | 222000 | 222000 | 222000 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 11156202 | 11156202 | 11156202 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 1748726 | 1748726 | 1748726 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 9083555 | 9083555 | 9083555 | 0 |
| സാക്ഷരത | 10744 | 0 | 10744 | 118 | 10626 |
| ദുരിതാശ്വാസം | 8581 | 700 | 9281 | 0 | 9281 |
| ഐ.സി.ഡി.എസ് OAP A/C | 719103 | 2850119 | 3569222 | 2748879 | 820343 |
| ശുചിത്വ മിഷൻ OAP A/C | 2273058 | 0 | 2273058 | 0 | 2273058 |
| തൊഴിലുറപ്പ് പദ്ധതി-തൊഴിലാളികളുടെ കൂലി | 0 | 132116109 | 132116109 | 132116109 | 0 |
| തൊഴിലുറപ്പ് പദ്ധതി - ഭരണ ചെലവുകൾ | 39360 | 1942663 | 1982023 | 1209066 | 772957 |
| ബി ഫണ്ട് | 0 | 37125180 | 37125180 | 37125180 | 0 |
| തനതു ഫണ്ട് - ബാങ്ക് | 11319721 | 18832136 | 30151857 | 6479922 | 23671935 |
| തനതു ഫണ്ട് - ട്രഷറി | 6566654 | 21027814 | 27594468 | 25599019 | 1995449 |
| | | | | | |
| ലൈഫ് പദ്ധതി A/C.No.2224 | 440089 | 11940000 | 12380089 | 11280107 | 1099982 |
| സംയുക്ത പ്രൊജക്ട് - | 2226904 | 2880000 | 5106904 | 3235800 | 1871104 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | | | | | |
| സംയുക്ത പ്രൊജക്ട് - ജില്ലാ പഞ്ചായത്ത് | 2301556 | 1196000 | 3497556 | 1304960 | 2192596 |
| എം.പി ഫണ്ട് A/C No. 1325 | 77769 | 1694970 | 1772739 | 1388309 | 384430 |

OAP അക്കൗണ്ടിൽ വിവിധ ഫണ്ടുകൾ നിക്ഷേപിച്ചിട്ടുള്ളതാണ്. ഇതിൽ ഐ.സി.ഡി.എസ്. ശുചിത്വ മിഷൻ ഫണ്ടുകൾക്ക് പ്രത്യേകം അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചത് പ്രകാരം വിവരങ്ങൾ മേൽപട്ടികയിൽ ചേർത്തിട്ടുണ്ട്. ബാക്കി തുക സംബന്ധിച്ച ഫണ്ട് തിരിച്ച് എ.സി.ആർ സൂക്ഷിക്കാത്തതിനാൽ ലഭ്യമായിട്ടില്ല.

സംയുക്ത പ്രൊജക്ടുകൾക്ക് മുൻവർഷങ്ങളിൽ ലഭിച്ച തുകയിൽ വിനിയോഗിക്കാത്ത തുക 3 അക്കൗണ്ടുകളിലായി നിക്ഷേപിച്ചിട്ടുണ്ട്. (ടി.എസ്.ബി 1748, OAP 13734, LGTSB 796) ബ്ലോക്ക്/ജില്ല തിരിച്ച് അപ്രോപ്രിയേഷൻ കണ് ട്രോൾ രജിസ്റ്റർ തയ്യാറാക്കിയത് പ്രകാരമുള്ള വിശദാംശങ്ങളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്. (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ 4 പ്രകാരം ബ്ലോക്ക് വിഹിതം മൂലധന ചെലവിനത്തിൽ 200000/- രൂപ കൂടി നീക്കിയിരിപ്പുണ്ടെങ്കിലും എ.സി.ആറിൽ ആയത് ഉൾപ്പെട്ടിട്ടില്ല).

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 284 | 198314248 | 145 | 77167497 | 37 | 139 | 48.94 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 39360 | 1942663 | 1982023 | 1209066 | 772957 |
| ഗുണഭോക്താക്കൾക്ക് നല്കുന്ന തുക | 0 | 132116109 | 132116109 | 132116109 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

| പദ്ധതിയുടെ പേര് | ചെലവുതുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 5880 | 7 |
| കർഷക തൊഴിലാളി പെൻഷൻ | 5507400 | 1889 |
| വിധവാ പെൻഷൻ | 11121600 | 3744 |
| വാർദ്ധക്യകാലപെൻഷൻ | 16423800 | 5409 |
| വികലാംഗപെൻഷൻ | 3212100 | 1074 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 794400 | 272 |
| വിവാഹധനസഹായം | 60000 | 2 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19-07-2021 ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 14,893 രൂപ ക്യാഷ് നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

സ്ഥാപനത്തിന്റെ ലക്ഷ്യം നേടാൻ കാര്യക്ഷമമായ ആഭ്യന്തരനിയന്ത്രണ സംവിധാനം സ്ഥാപനത്തിൽ പ്രവർത്തനസജ്ജമാകണം. അധികാര – ഉത്തരവാദിത്ത ബന്ധങ്ങളെ കൃത്യമായി നിർവ്വചിച്ചുകൊണ്ടുള്ള ഉദ്യോഗസ്ഥ സംഘടനാസംവിധാനം, ശക്തവും കാര്യക്ഷമവുമായ മേൽനോട്ടത്തിൽ ചുമതലാ നിർവ്വഹണം, നിർദ്ദേശങ്ങളുടെയും ആശയങ്ങളുടെയും കാര്യക്ഷമമായ വിനിമയം, കൃത്യമായ ഇൻഡക്സിങ്ങ് സംവിധാനത്തോടെയും സുരക്ഷിതവും സുഗമവുമായ രീതിയിലുള്ള രേഖകളുടെ സൂക്ഷിപ്പ് എന്നിവയോടൊപ്പം പൊതുജനങ്ങളോടുള്ള അക്കൗണ്ടബിലിറ്റി ഉറപ്പുവരുത്തൽ എന്നിവയാണ് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ അടിസ്ഥാനം.

വാർഷിക ധനകാര്യപത്രികയുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട ബാങ്ക് പാസ്സ്ബുക്കുകൾ, ബാങ്ക് ബുക്കുകൾ എന്നിവ പൊരുത്തപ്പെടുത്തി സൂക്ഷിച്ചുവരുന്നു. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് വാർഷികാവശ്യങ്ങളെ തിട്ടപ്പെടുത്തിയുള്ള പ്രൊക്യയർമെന്റ് പ്ലാനും ബജറ്റും തയ്യാറാക്കാതെ, ഒരോ നിർവ്വഹണോദ്യോഗസ്ഥനെയും വാങ്ങലിന് ചുമതലപ്പെടുത്തുന്ന രീതിയാണുള്ളത്. ഇത് ത.സ്വ.ഭ.സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള 8.11.10ലെ ജി.ഓ(പി)259/2010/തസ്വഭവ ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. നിർവ്വഹണോദ്യോഗസ്ഥരിൽ അസി. സെക്രട്ടറി, മെഡിക്കൽ ഓഫീസർ (പി.എച്ച് സി, ആയുർവ്വേദം, ഹോമിയോ), അസി.എഞ്ചിനീയർ എന്നിവർ പ്രൊജക്ട് രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.വാട്ടർടാപ്പ് രജിസ്റ്റർ, സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ , റോഡ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിൽ ജീവനക്കാരുടെ ജോലി വിഭജന രേഖ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. ഓഫീസ് യോഗങ്ങൾ എല്ലാമാസവും ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തുന്നതായി കാണുന്നില്ല. തൻവർഷം 5.3.19, 7.5.19, 26.8.19, 27.9.19, 10.10.19, 22.1019, 18.11.19, 28.2.20, 16.3.20, 25.3.20 തീയ്യതികളിലാണ് ഓഫീസ് യോഗം ചേർന്നിട്ടുള്ളത്. രേഖകളും രജിസ്റ്ററുകളും സൂക്ഷിക്കുന്നതിന് പ്രത്യേക റെക്കോർഡ് റൂം പഞ്ചായത്ത് കെട്ടിടത്തിന്റെ മുകൾ നിലയിൽ ഒരുക്കിയിട്ടുണ്ടെങ്കിലും ശാസ്ത്രീയമായി തരം തിരിച്ചും ഇൻഡക്സിങ്ങ് സമ്പ്രദായത്തിലും വൃത്തിയായി സംരക്ഷിച്ച അവസ്ഥയിലല്ല. ആഭ്യന്തര നിയന്ത്രണം കാര്യക്ഷമമാക്കേണ്ടത് സംബന്ധിച്ച് മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ചൂണ്ടിക്കാണിച്ച മിക്ക നിർദ്ദേശങ്ങളും പൂർണ്ണമായി പാലിക്കപ്പെട്ടിട്ടില്ല. പഞ്ചായത്തിന്റെ കാര്യത്തിൽ ആഭ്യന്തരനിയന്ത്രണ സംവിധാനം കുറ്റമറ്റതാക്കുന്നതിന് ബോധപൂർവ്വമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നം. തീയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | നവംബർ 2020 | 02/2020 മുതൽ 3/2020 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് | 25.8.2016 മുതൽ 17.9.2016 വരെ | 2011-12 മുതൽ 2015-16 വരെ | LBA(HQ)VI/8A-2499/112 Dt. 262.10.2016 |

## 1-11 ഗ്രാന്റ് വിനിയോഗം - വിനിയോഗം കുറഞ്ഞതിനാൽ 2.90 കോടി ലാപ്സായി

സർക്കാർ ഗ്രാന്റ് വിനിയോഗം സംബന്ധിച്ച സാംഖ്യ വെബ് വിനിയോഗ പത്രിക ലഭ്യമാക്കിയിട്ടില്ല. 2019-20 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, സുലേഖ ചെലവു പത്രിക എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്തിനു തൻ വർഷം ലഭിച്ച സർക്കാർ ഗ്രാന്റിന്റെ വിനിയോഗ വിവരം താഴെ ചേർക്കുന്നു.

| ഫണ്ടിനം | എ.സി.ആർ പ്രകാരം ആകെ വരവ് | എ.സി.ആർ പ്രകാരംചെലവ് | ലാപ്സായ തുക |
|---|---|---|---|
| വികസന ഫണ്ട്-(ജനറൽ) (ACR പ്രകാരം) | 22484946 | 20348855 | 2136091 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 12305882 | 3921834 | 8384048 |
| വികസന ഫണ്ട്-ടി .എസ്.പി (ACR പ്രകാരം) | 582588 | 222000 | 360588 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 15110000 | 11156202 | 3953798 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 6964000 | 1748726 | 5215274 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 18112465 | 9083555 | 9028910 |

മേൽ വിവര പ്രകാരം, തൻ വർഷം വിനിയോഗിക്കാത്തതിനാൽ ആകെ 2,90,78,709 രൂപ സർക്കാർ ഗ്രാന്റ് ലാപ്സായിട്ടുണ്ട്. പഞ്ചായത്തിന് ലഭ്യമായ സർക്കാർ ഗ്രാന്റുകൾ ഫലപ്രദമായും സമയബന്ധിതമായും വിനിയോഗിക്കാത്തത് വികസന വേഗം കുറക്കുന്ന നടപടിയാണ്. നൂതന പ്രൊജക്ടുകളുടെ ഗണത്തിൽ പ്പെടുത്തി അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ പൂർണ്ണമായി നടപ്പാക്കാത്തതും, മരാമത്ത് മേഖലയിലെ ബഹുഭൂരിപക്ഷം പ്രൊജക്ടുകൾ നടപ്പാക്കാത്തതും സർക്കാർ ഗ്രാന്റ് വിനിയോഗം പരിമിതപ്പെടുത്തിയിട്ടുണ്ട്.തൻവർഷം പ്രൊജക്ട് നം. 97-കള്ളാടിയ സമുദായ ഉപപദ്ധതി, 150- ധന്വന്തരി വയോജനങ്ങളായ നിത്യരോഗികൾക്കുള്ള ആശ്വാസ പദ്ധതി, 151 – സ്ഥിരം നാടക സിനിമാ വേദി, 162- ഗൃഹതല മത്സ്യകൃഷി, 163 - ധന്വന്തരി വയോജനങ്ങളായ നിത്യരോഗികൾക്കുള്ള ആശ്വാസ പദ്ധതി(പട്ടികജാതി)എന്നീ നൂതന പ്രൊജക്ടുകൾക്കായി ആകെ 9685060 രൂപ വകയിരുത്തിയെങ്കിലും പ്രൊജക്ടുകളിൽ തുക ചെലവഴിക്കപ്പെട്ടിട്ടില്ല. തൻവർഷം 150 പൊതുമരാമത്ത് പ്രൊജക്ടുകളിൽ 64 എണ്ണത്തിൽ മാത്രമെ തുക ചെലവുള്ളൂ. ആകെ 284 പ്രൊജക്ടുകളിൽ 145 എണ്ണത്തിൽ മാത്രമാണ് തുക ചെലവഴിച്ചത്. സർക്കാർ ഗ്രാന്റുകൾ സമയബന്ധിതമായി വിനിയോഗിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്. അപാകത സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-12 വാർഷിക കണക്കിലെ അപാകതകൾ

2019-20 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. ICDS, SNP, സംയുക്ത പ്രോജക്ടുകളുടെ ഫണ്ട് എന്നിവയ്ക്ക് പുറമെ വിവിധ ഫണ്ടുകൾ തനത് ഫണ്ടിൽ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ഇവയുടെ വരവ് ചെലവ് വിശദാംശങ്ങൾ രേഖപ്പെടുത്തി ACR സൂക്ഷിക്കാത്തതിനാൽ അക്കൗണ്ട് പ്രകാരമുള്ള നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

2. പഞ്ചായത്ത് സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

3. ആസ്തി രജിസ്റ്റർ കാലികമാക്കി പ്രിന്റ് ചെയ്ത് സൂക്ഷിക്കുന്നില്ല.

4. വാർഷിക കണക്കിലെ B4സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള താഴെ പറയുന്ന അക്കൌണ്ടുകളിലെ നീക്കിയിരിപ്പ് വിശദാംശം പരിശോധിക്കുന്നതിന് ബാങ്ക്/ട്രഷറി പാസ്സ് ബുക്ക്, റിക്കൺ
സിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ ഹാജരാക്കിയിട്ടില്ല.

<u>ബാങ്ക്/ട്രഷറി അക്കൌണ്ട് നീക്കിയിരിപ്പ്_തുക</u>

1. പോസ്റ്റ് ഓഫീസ് സേവിങ്സ് ബാങ്ക് - 1298

2. കെ.ഡി.സി ബാങ്ക്. EMS ലോൺ - 1000

3. VPFA 1-2 - 26111

4. VPFA 1-3 - 28111

5. വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ പ്രധാനപ്പെട്ട അക്കൌണ്ടിഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

6. വാർഷിക കണക്കിലെ B-4 Statement പ്രകാരം SSA നീക്കിയിരിപ്പ് 445841/-രൂപയാണ്. എന്നാൽ പഞ്ചായത്തിൽ എഴുതി തയ്യാറാക്കിയ ACR പ്രകാരം നീക്കിയിരിപ്പ് 433649/- രൂപയാണ്.

7. ACR സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

8. ബാലൻസ് ഷീറ്റിലെ B-4 സ്റ്റേറ്റ്മെന്റ് പ്രകാരം സംയുക്ത പ്രോജക്റ്റ് ബ്ലോക്ക് ഷെയർ നീക്കിയിരുപ്പ് 2392596/- രൂപയാണ്. എന്നാൽ ACR പ്രകാരം 2192596/- രൂപയാണ് കാണുന്നത്.

## 1-13 വസ്തുനികുതി ഇളവ് അനുവദിക്കൽ-ചട്ടങ്ങൾ പാലിക്കുന്നില്ല.

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 21(ബി)1-ാം ഉപ ചട്ടപ്രകാരം നികുതിഇളവ് ചെയ്തുകിട്ടുന്നതിനുള്ള കാലം കണക്കാക്കേണ്ടത് , ആ ആവശ്യത്തിനുള്ള നോട്ടീസ് നൽകിയ തീയതി മുതൽക്കോ കെട്ടിടം ഒഴിഞ്ഞു കിടന്ന തീയതി മുതൽക്കോ, ഇതിൽ ഏത് ഒടുവിൽ വരുന്നുവോ ആ തീയതി മുതൽ കണക്കാക്കേണ്ടതാകുന്നു. 2019-20 ലെ വേക്കൻസി റെമിഷൻ അപേക്ഷകൾ പരിശോധിച്ചതിൽ നികുതി ഒഴിവാക്കുന്നതിനുള്ള അപേക്ഷ ലഭിച്ച തിയതിക്കു മുമ്പെ ഇളവ് ചെയ്തു കൊടുത്തതായി കാണുന്നു. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു. പരിശോധനക്ക് ലഭ്യമാക്കിയ രജിസ്റ്റർ രജിസ്റ്റർ പ്രകാരം എല്ലാ അപേക്ഷകളിലും മുൻകൂട്ടി ഇളവ് അനുവദിച്ചതായി കാണുന്നുണ്ട്.

| ക്രമ നം. | കെട്ടിട ഉടമയുടെ പേര് | കെട്ടിട നമ്പർ | അപേക്ഷ തിയ്യതി | ഇളവ് അനുവദിച്ച തിയ്യതി |
|---|---|---|---|---|
| 1 | കദീശുമ്മ | 3/203 | 25.01.20 | 01.04.19 |
| 2 | മാനേജർ, കിനാലൂർ എസ്റ്റേറ്റ് | 5/259 | 10.04.19 | 01.04.19 |
| 3 | ഷെഹിൻ ഭരതൻ | 8/296 | 17.12.19 | 01.04.19 |
| 4 | മിറാഷ് മുഹമ്മദ് റിഷാം | 9/1277 | 30.4.19 | 01.04.19 |
| 5 | മുഹമ്മദലി | 21/3 | 17.09.19 | 01.04.19 |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി ക്ക് (4/2019-20തിയ്യതി 26.07.21) ലഭ്യമാക്കിയ മറുപടിയിൽ കെട്ടിടങ്ങൾ പൂർണ്ണമായും അടഞ്ഞു കിടക്കുന്നതാണെന്ന് ഉറപ്പ് വരുത്തിയ ശേഷമാണ് ഇളവ് അനുവദിച്ചത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ചട്ടം പാലിക്കുന്നതിലുള്ള വീഴ്ച പരിഹരിക്കേണ്ടതാണ്. നികുതി ഇനത്തിലുള്ള ചോർച്ച തടയേണ്ടതും ഭാവിയിൽ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-14 വായനശാല വിവര വിജ്ഞാന കേന്ദ്രമാക്കൽ- പദ്ധതി നടത്തിപ്പിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ- ഹെഡ്മാസ്റ്റർ

പ്രോജക്റ്റ് നം - 101/19-20

വകയിരുത്തിയ തുക – 246000/-

ചെലവഴിച്ച തുക - 78357/-

1) ബിൽ നം. 19170752013801635891 Dated 29-03-2020, Bill Amount 14726/-

2) ബിൽ നം. 19170752013801635887 Dated 29-03-2020, Bill Amount 2577/-

3) ബിൽ നം. 19170752013801635894 Dated 29-03-2020, Bill Amount 30527/-

4) ബിൽ നം. 19170752013801635897 Dated 29-03-2020, Bill Amount 30527/-

വായനശാല വിവര വിജ്ഞാന കേന്ദ്രമാക്കൽ എന്ന പദ്ധതി പ്രകാരം പഞ്ചായത്ത് ലൈബ്രറിയിൽ ഒരു UPS ഉം രണ്ട് കംപ്യൂട്ടറുകളും ഒരു പ്രിന്ററും വാങ്ങിയിട്ടുണ്ട്. എന്നാൽ 23-07-2021 ന് ലൈബ്രറിയിൽ നടത്തിയ സ്ഥല പരിശോധനയിൽ ഇവ ലൈബ്രറിയിൽ ഇല്ല എന്ന് ബോധ്യപ്പെട്ടു. ഇതിൽ ഒരു കംപ്യൂട്ടർ പഞ്ചായത്തിൽ ഉപയോഗിച്ചുവരികയും ഒരു കംപ്യൂട്ടറും യു.പി.എസ്. ഉം പഞ്ചായത്തിലെ സെർവർ റൂമിൽ പെട്ടിയിൽ തന്നെ സൂക്ഷിച്ചിരിക്കുന്നതായും നേരിട്ടുള്ള പരിശോധനയിൽ ബോധ്യപ്പെട്ടു. പദ്ധതി പ്രകാരം വാങ്ങിയ പ്രിന്റർ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. കൂടാതെ പദ്ധതി പ്രകാരം ലൈബ്രറിയിലേക്ക് ഫർണിച്ചർ , റീഡർ എന്നിവ വാങ്ങുന്നതിനും തുക വകയിരുത്തിയിരുന്നു. എന്നാൽ ഇത് നടപ്പിലാക്കിയിട്ടില്ല. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (12/19-20 തീ.28-07-2021) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രിന്റർ ലഭ്യമാവാത്തതിനാൽ ചെലവ് തുക 14726/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-15 എൽപി/യുപി വിദ്യാർത്ഥികൾക്ക് പഠനോപകരണം (എസ്.സി)

നിർവ്വഹണ ഉദ്യോഗസ്ഥൻ- ഹെഡ്മാസ്റ്റർ

പ്രോജക്റ്റ് നം -152/19-20

1) ബിൽ നം – 19170752013801635886 തീ- 29-03-20 ബിൽ തുക- 318500/-

2) ബിൽ നം – 19170752013801635882 തീ 29-03-20 ബിൽ തുക- 318500/-

3) ബിൽ നം – 19170752013801637349 തീ 29-03-20 ബിൽ തുക- 4901/-

ഹെഡ് മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 ൽ പ്രോജക്ട് പ്രകാരം എൽപി/യുപി വിദ്യാർത്ഥികൾക്ക് പഠനോപകരണം (എസ്.സി) എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി പ്രകാരം ആകെ വിതരണം ചെയ്തത് 131 മേശയും കസേരയുമാണ്. ഇതിൽ 61 മേശയും കസേരയും ആറ് സ്കൂളുകളിലെ പ്രധാന അദ്ധ്യാപകർ കൈപ്പറ്റിയതിന്റെ കൈപ്പറ്റ് രസീത് ഫയലിൽ ലഭ്യമാണ്. ബാക്കി കൈപ്പറ്റിയതായി രേഖയില്ല. കൂടാതെ പ്രൊജക്റ്റ് പ്രകാരം വിതരണം ചെയ്യേണ്ട മേശയും കസേരയും വിദ്യാർത്ഥികൾ കൈപ്പറ്റിയതിനും രേഖയില്ല. കൈപ്പറ്റ് രശീത് ഹാജരാക്കാത്തതിനാൽ ചെലവ് തുക 641901/- രൂപ തടസ്സപ്പെടുത്തുന്നു.

**1-16 എസ്സ്.എസ്സ്.എ വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല**

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ്മാസ്റ്റർ

പ്രോജക്റ്റ് നം – 20/2019-20

വകയിരുത്തിയ തുക – 1200000/-

ചെലവ് - 1200000/-

ബിൽ നം. 1917075201380062458O തീയതി 27-09-2019

പ്രോജക്റ്റ് നം –342/2019-20

വകയിരുത്തിയ തുക – 500000/-

ചെലവ് - 500000/-

ബിൽ നം.1917075201380158O341 തീയതി 23-03-2020

എസ്.എസ്.എ ജില്ലാ പ്രൊജക്ട് ഓഫീസറുടെ 25.6.19 ലെ സി/1807/2018/എസ്.എസ്.എ നം.കത്ത് പ്രകാരം 2019-2020 വർഷത്തെ എസ്.എസ്.എ. വിഹിതമായി ഗ്രാമപഞ്ചായത്ത് നല്കേണ്ട തുക 48.97 ലക്ഷം രൂപയാണെങ്കിലും പ്രൊജക്ട് പ്രകാരം, വകയിരുത്തിയ 1,70,0000/- രൂപ എസ്.എസ്.എ ഗ്രാമ പഞ്ചായത്ത് വിഹിതമായി പ്രൊജക്ട് ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. സ.ഉ(കൈ)നം.11/2018/ത.സ്വ.ഭ.വ തീയ്യതി 29.1.2018പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 7.6(3) പ്രകാരം എസ്.എസ്.എ പ്രൊജക്ടുകൾ തയ്യാറാക്കുമ്പോൾ ത.സ്വ.ഭ സ്ഥാപനം മുഖ്യപങ്ക് വഹിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ തൻവർഷം പ്രൊജക്ട് രൂപീകരണത്തിൽ ഗ്രാമപഞ്ചായത്തിന്റെ പങ്ക് വ്യക്തമാക്കുന്ന നിർദ്ദേശങ്ങളോ രേഖകളോ ലഭ്യമാക്കിയിട്ടില്ല. . ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന സ്കൂളുകളിൽ എസ്.എസ്.എ മുഖേന നടപ്പാക്കേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച് വിദ്യാഭ്യാസം ആരോഗ്യം വർക്കിങ്ങ് ഗ്രൂപ്പിൽ ചർച്ച നടത്തുകയോ ശുപാർശ ചെയ്യുകയോ ഉണ്ടായിട്ടില്ല. വിദ്യാഭ്യാസ മേഖലയിലെ വികസന പ്രവർത്തനങ്ങളിൽ ഗ്രാമ പഞ്ചായത്തിന്റെ സൃഷ്ടിപരമായ പങ്ക് ഉറപ്പുവരുത്തേണ്ടതാണ്. പഞ്ചായത്ത് ചെലവഴിച്ച തുകയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ചെലവ് തുക 1700000/-രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

**1-17 അഗതി രഹിത കേരളം പദ്ധതി-ചെലവഴിക്കാതെ തിരിച്ചടവാക്കിയ പ്ളാൻഫണ്ട് തനത് ഫണ്ടിൽ സൂക്ഷിക്കുന്നു.**

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പർ, പേര് | അഗതി ആശ്രയ പ്രൊജക്ട്-54/20 |
| വകയിരുത്തിയ തുക | 900000/-(വികസന ഫണ്ട്-പൊതു.) |
| ചെലവഴിച്ച തുക,ബിൽ നമ്പർ, തിയ്യതി | 900000/-/-(56016/16.8.19) |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.സെക്രട്ടറി |

മേൽ പദ്ധതി പ്രകാരം ഭവനനിർമ്മാണം,വീട് വാസയോഗ്യമാക്കൽ എന്നിവക്കായി പിൻവലിച്ച ഒൻപത് ലക്ഷം രൂപ കുടുംബശ്രീ സി.ഡി.എസ്.ന്റെ അക്കൗണ്ടിലേക്ക് (KDCB0000062/100621201020015) കൈമാറിയിട്ടുണ്ട്.

സി.ഡി.എസ്. ഫയൽ പരിശോധിച്ചതിൽ 31.03.20 വരെ നൽകിയ തുകയിൽ ചെലവഴിക്കാനവശേഷിക്കുന്ന 1100000/-രൂപ 23.12.2020ന് പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കിയിട്ടുണ്ട്. 19.10.20 ലെ ഭരണസമിതി തീരുമാനം 7/3 നമ്പർ പ്രകാരം തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നാളിതുവരെയും തുക തിരിച്ചടച്ചിട്ടില്ല.അപാകതക്ക് മറുപടി ലഭ്യമാക്കാൻ (ഓഡിറ്റ് എൻക്വയറി നമ്പർ-3/19-20 തിയ്യതി 26.07.21) ആവശ്യപ്പെട്ടിരുന്നെങ്കിലും ലഭ്യമാക്കിയിട്ടില്ല. തുക എത്രയും വേഗം കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്

**1-18 'ജ്ഞാനശ്രീ'കള്ളാടി സമുദായ ഉപപദ്ധതി -സമ്പൂർണ്ണപരാജയം**

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പർ, പേര് | കള്ളാടി സമുദായ ഉപപദ്ധതി 97/20 |
| വകയിരുത്തിയ തുക | 2980650/-(വികസന ഫണ്ട് -S.C.P) |
| ചെലവഴിച്ച തുക, ബിൽ നമ്പർ, തിയ്യതി | 93300/-(3652/23.01.20) |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.സെക്രട്ടറി |

2018-19 ൽ ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചതും നൂതന പദ്ധതിയിലുൾപ്പെടുത്തിയതും സംസ്ഥാനത്തിനു തന്നെ മാതൃകയാകേണ്ടതുമായിരുന്ന ഒരു പദ്ധതിയായിരുന്നു ദുർബല വിഭാഗത്തിൽപ്പെട്ടവർക്കായുള്ള കള്ളാടിയ ഉപപദ്ധതി. സംസ്ഥാന തല വികേന്ദ്രീകൃതാസൂത്രണ കമ്മറ്റി അംഗീകരിച്ച ബഹുവർഷ പ്രൊജക്ടായ ഇതിന് മൂന്ന് വർഷത്തേക്ക് 45 ലക്ഷം രൂപയായിരുന്നു പദ്ധതി അടങ്കൽ. ആദ്യവർഷം പദ്ധതിയിനത്തിൽ ചെലവില്ല. രണ്ടാം വർഷം (2019-20) 93300/-രൂപ മാത്രം പി.എസ്.സി പരിശീലനത്തിനായി ചെലവഴിച്ചിട്ടുണ്ട്. 2020-21ൽ പ്രൊജക്ട് ഒഴിവാക്കി. പദ്ധതിയുടെ ഉപഘടകങ്ങൾ ചുവടെ കൊടുക്കുന്നു.

<u>എ) എസ്.സി. വിഭാഗം കുട്ടികൾക്കുള്ള തുടർ പഠന പരിപാടി.</u>

പിന്നോക്കാവസ്ഥയിലുള്ള എൽ.പി, യു.പി, ഹൈസ്കൂൾ കുട്ടികൾക്ക് കണക്ക്, ഇംഗ്ലീഷ്,സയൻസ് വിഷയങ്ങളിൽ പരിശീലനം നൽകുകയും വ്യക്തിത്വവികസനത്തിനാവശ്യമായ ക്ളാസുകൾ കൊടുക്കുകയുമായിരുന്നു ലക്ഷ്യം.പദ്ധതി നടത്തിപ്പിനായി ടെണ്ടർ ക്ഷണിച്ചെങ്കിലും തുടർനടപടികൾ സ്വീകരിച്ചില്ല.

<u>ബി) ഹാപ്പി പേരന്റിംഗ്</u>

രക്ഷിതാക്കൾ അവരുടെ കുട്ടികളെ എങ്ങിനെ പഠനത്തിൽ മികവുറ്റവരാക്കാം എന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് ടെണ്ടറും റീടെണ്ടറും ചെയ്തെങ്കിലും ആരും പങ്കെടുത്തില്ല. തുടർ നടപടികൾ സ്വീകരിച്ചില്ല.

<u>സി) പൈപ്പ് കമ്പോസ്റ്റ് സ്ഥാപിക്കൽ</u>

കോളനികളിൽ വ്യക്തി ശുചിത്വവും പരിസര ശുചിത്വവും ഉറപ്പു വരുത്തുന്നതിനായി പൈപ്പ് കമ്പോസ്റ്റ് സ്ഥാപിക്കുന്നതിന് അക്രഡിറ്റഡ് ഏജൻസിയായ ഐ.ആർ.ടി.സി. മുണ്ടൂരിനെ ചുമതലപ്പെടുത്തിയെങ്കിലും തുടർനടപടി സ്വീകരിച്ചില്ല.

<u>ഡി) വയോജനങ്ങൾക്ക് ആരോഗ്യ രക്ഷാ ഉപകരണങ്ങൾ</u>

അറുപതു വയസ്സിൽ കൂടുതൽ പ്രായമുള്ള, സമുദായത്തിലെ മുഴുവൻ വയോജനങ്ങൾക്കും ഗുണം ലഭിക്കുവിധം അലോപ്പതി, ആയുർവേദം, ഹോമിയോ, യുനാനി എന്നീ വിഭാഗങ്ങളെ ഉൾപ്പെടുത്തി മെഡിക്കൽ ക്യാമ്പ് നടത്തി ശിഷ്ടജീവിതം സുഖപ്രദമാക്കുന്നതിനാവശ്യമായ ഉപകരണങ്ങളും മരുന്നും വിതരണം നടത്തുന്നതിനായിരുന്നു ഉദ്ദേശിച്ചിരുന്നത്. സാധനങ്ങൾ വാങ്ങുന്നതിന് ടെണ്ടർ ചെയ്തെങ്കിലും ആരും പങ്കെടുത്തില്ല.തുടർനടപടികൾ സ്വീകരിച്ചില്ല.

<u>ഇ) പി.എസ്.സി.കോച്ചിംഗ്.</u>

സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായി പിന്നോക്കം നിൽക്കുന്ന ദുർബല വിഭാഗത്തിൽപ്പെട്ട കള്ളാടിയ സമുദായക്കാരെയും മറ്റ് പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന ദുർബലവിഭാഗക്കാരെയും മുഖ്യധാരയിൽ എത്തിക്കുന്നതിന് വേണ്ടി അവരിൽതന്നെ ഉന്നതവിദ്യാഭ്യാസം നേടിയവരും തൊഴിൽരഹിതരുമായ യുവതീയുവാക്കളെ പരിശീലനം നൽകി സർക്കാർ മേഖലയിൽ ഉൾപ്പെയുള്ള തൊഴിൽ നേടാൻ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി ആവിഷ്ക്കരിച്ചത്. ടെണ്ടർ വഴി ഐ ഗേറ്റ് അക്കാദമി,പൂനൂർ എന്ന സ്ഥാപനത്തെ തെരെഞ്ഞെടുക്കുകയും മണിക്കൂറിന് 933/-രൂപ പ്രകാരം 400 മണിക്കൂർ പരിശീലനത്തിനായി 373200/-രൂപയുടെ കരാർ ചമക്കുകയും ചെയ്തു.61 പേരാണ് പരിശീലനത്തിൽ പങ്കെടുത്തത്. 100 മണിക്കൂർ പരിശീലനം പൂർത്തിയാക്കിയപ്പോൾ സ്ഥാപനത്തിന് 93300/- രൂപ കൈമാറി. അതിനുശേഷം പരിശീലനം നൽകിയതായി കാണുന്നില്ല. പരിശീലനം ലഭിച്ചവർക്ക് ജോലി ലഭ്യമായി എന്ന് ഉറപ്പുവരുത്തുകയോ പദ്ധതി ലക്ഷ്യം കൈവരിക്കുകയോ ചെയ്തില്ല. ബില്ലിൽ നിന്നും ജി.എസ്.ടി-ടി.ഡി.എസ് പിടിച്ചിട്ടില്ല. പദ്ധതിയുടെ ഭാഗമായ പ്രൊജക്ട് പരിശീലനവും ഡോക്യുമെന്റേഷനും നടത്തിയിട്ടില്ല.

അപാകതകൾ മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 2/19-20തിയ്യതി22.07.21) നിർവ്വഹണോദ്യോഗസ്ഥൻ 26.07.21ന് ലഭ്യമാക്കിയ മറുപടിയിൽ പി.എസ്.സി. പരിശീലനം വഴി രണ്ടുപേർക്ക്

സംസ്ഥാന സർക്കാർ സേവനത്തിൽ ജോലി ലഭിച്ചിട്ടുണ്ടെന്നും 17.02.2020 ന് അന്യത്രസേവനം ലഭിച്ച് ഗ്രാമപഞ്ചായത്തിൽ നിന്നും വിട്ടുതൽചെയ്തതിനാൽ തുടർ പ്രവർത്തനങ്ങൾ നടത്താൻ സാധിച്ചില്ല എന്നും അറിയിച്ചു. പദ്ധതി ഒരു ബഹുവർഷ പ്രൊജക്ടായിരുന്നെങ്കിലും നിർവ്വഹണോദ്യോഗസ്ഥന് ലഭ്യമായ കാലം വേണ്ട രീതിയിൽ ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. മാത്രമല്ല തുടർന്ന വന്നവരും ഭരണസമിതിയും തുടർവർഷം പ്രൊജക്ട് ഏറ്റെടുത്ത് നടത്താനുള്ള താല്പര്യം കാണിച്ചതായും കാണുന്നില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽപ്പെട്ട വളരെ പിന്നോക്കം നിൽക്കുന്ന ഒരു ജനവിഭാഗത്തെ ഉന്നതിയിലേക്കെത്തിക്കുന്നതിനായി ആസൂത്രണം ചെയ്ത പദ്ധതി നടത്തിപ്പിലെ പിടിപ്പുകേടും കാര്യക്ഷമതയില്ലായ്മയും കൊണ്ട് സമ്പൂർണ്ണ പരാജയമടയുകയും ഒഴിവാക്കുകയുമാണുണ്ടായത്. ജില്ലാ പട്ടികജാതി വികസനവകുപ്പിന്റെ മേൽനോട്ടം പദ്ധതിക്കായി നിർദ്ദേശിച്ചിരുന്നെങ്കിലും വകുപ്പും ആവശ്യമായ ഇടപെടലുകൾ നടത്തിയതായി കാണുന്നില്ല. പദ്ധതി നടത്തിപ്പിലെ കാര്യക്ഷമതയില്ലായ്മയും പദ്ധതി നടപ്പിൽ വരുത്തുമ്പോഴുണ്ടാകാവുന്ന വൈഷമ്യങ്ങളെ സംബന്ധിച്ച് മുൻകൂട്ടി കാണാൻ സാധിക്കാതിരുന്നതും പദ്ധതിയുടെ പരാജയത്തിന് കാരണമായി. പ്രൊജക്ട് രൂപീകരണത്തിനു മുമ്പുള്ള പ്രായോഗിക പഠനത്തിന്റെ അനിവാര്യത ഇതു വ്യക്തമാക്കുന്നു. ഭാവിയിൽ പ്രായോഗിക പഠനത്തിനു ശേഷം ഇത്തരം പ്രൊജക്ടുകൾ ആസൂത്രണം ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-19 മരാമത്ത് പ്രവർവർത്തികൾ നടപ്പിലാക്കുന്നതിൽ വീഴ്ച

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2018-19 വർഷം 150 പദ്ധതികൾ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുണ്ടെങ്കിലും 64 മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത് (43%) വിവിധ ഫണ്ടുകളിലായി 64315097 രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും 21301819 രൂപ മാത്രമാണ് (33%) ചെലവഴിച്ചിട്ടുള്ളത്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ഫണ്ട് ഇനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|
| വികസന ഫണ്ട് ജനറൽ | 200000 | 0 | 0 |
| എസ്.സി.പി | 2250000 | 600000 | 27% |
| ടി.എസ്.പി | 164000 | 0 | 0 |
| ധനകാര്യകമ്മീഷൻ അവാർഡ് | 16715820 | 5855176 | 35% |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 773058 | 0 | 0 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 1700000 | 0 | 0 |
| തനത് ഫണ്ട് | 13695794 | 3690441 | 27% |
| ബ്ലോക്ക് ഫണ്ട് | 400000 | 0 | 0 |
| മെയിന്റനൻസ് റോഡ് | 18114000 | 11156202 | 62% |
| മെയിന്റനൻസ് റോഡിതരം | 3802425 | 0 | 0 |
| മറ്റുള്ളവ | 6500000 | 0 | 0 |
| ആകെ | 64315097 | 21301819 | 33% |

ഗ്രാമ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലെ വികസന പ്രവർത്തനങ്ങൾക്ക് വേണ്ടി വകയിരുത്തിയിട്ടുള്ള വിവിധ ഫണ്ടുകൾ വിനിയോഗിക്കാതിരുന്നത് ഗ്രാമ പഞ്ചായത്തിന്റെ ഭാഗത്തുന്നുണ്ടായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ പദ്ധതികൾക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിലും ഡിറ്റെയില്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലും, സാങ്കേതിക അനുമതി ലഭ്യമാക്കുന്നതിലും ടെണ്ടർ ക്ഷണിക്കുന്നതിലും കരാർ വയ്ക്കുന്നതിലുമൊക്കെ കാലതാമസമുണ്ടാക്കിയിട്ടുണ്ടെന്ന് വിവിധ രേഖകൾ പരിശോധിച്ചതിൽ നിന്ന് വ്യക്തമാകുന്നുണ്ട്. ഉദാഹരണമായി പരപ്പിൽ സബ് സെന്റർ ബുദ്ധി വികാസ കേന്ദ്രം നിർമാണത്തിനായുള്ള പദ്ധതിയ്ക്ക് (173/19-20) 17.12.2018 ൽ ഭരണാനുമതി ലഭിച്ചതാണ്.ഇതിന് സാങ്കേത്കാനുമതി ലഭിയ്ക്കുന്നത് 08.01.2020 ൽ മാത്രമാണ് . നിലവിലും ഈ പദ്ധതി പൂർത്തിയാക്കി ബഡ്സ് സ്കൂൾ പ്രവർത്തിക്കാൻ തുടങ്ങിയിട്ടില്ല. കൂടാതെ ചില പ്രവർത്തികൾ പൂർത്തിയാക്കി ബിൽ സമർപ്പിക്കുന്നത് അവസാന മാസങ്ങളിലേയ്ക്കായിപ്പോയത് ടി ബില്ലുകൾ ക്യൂ ബില്ലുകൾ ആകുകവഴി തൻ വർഷം ചെലവഴിക്കാൻ പറ്റാത്ത അവസ്ഥയുമുണ്ടായിട്ടുണ്ട്.

വികസന സ്റ്റാന്റിങ് കമ്മറ്റിയുടെ 09.07.2019 യോഗത്തിൽ റോഡ്, ബിൽഡിങ്ങുകൾ എന്നിവയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന പ്രവർത്തികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ലെന്ന് വിലയിരുത്തുകയും ആഗസ്റ്റ് 15 നകം സാങ്കേതിക അനുമതി വാങ്ങാൻ അസിസ്റ്റന്റ് എഞ്ചിനീയറോട് നിർദ്ദേശിക്കുന്നതിന് തീരുമാനമെടുക്കുകയും ചെയ്യുന്നുണ്ട് . 9/19 ൽ നടന്നയോഗത്തിലും പദ്ധതി നിർവ്വഹണത്തിലെ നടപടിക്രമങ്ങൾ പൂർത്തിയാക്കാത്തത് വ്യക്തമാണ് .

2019-20 വർഷത്തിൽ സാമ്പത്തിക വർഷത്തിന്റെ അവസാന മാസങ്ങളിൽ മാത്രമാണ് പൊതുമരാമത്ത് വർക്കിങ് ഗ്രൂപ്പ് യോഗം ചേർന്നിട്ടുള്ളൂ. 04.01.2020, 04.02.2020, 09.03.2020 എന്നീ തിയ്യതികളിൽ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത് യോഗത്തിൽ കാര്യമായ തീരുമാനങ്ങളൊന്നും എടുത്തിട്ടില്ല. തീരുമാനങ്ങൾ എഴുതി

പൂർത്തിയാക്കാതെയും മിനട്സ് ക്ലോസ് ചെയ്യാതെ പേജുകൾ ഒഴിച്ചിട്ടിരിക്കുന്നു. വർക്കിംങ് ഗ്രൂപ്പുകൾ പദ്ധതി നിർവ്വഹണത്തിൽ ഫലപ്രദമായി പ്രവർത്തിച്ചിരുന്നില്ല എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.

വ്യക്തമായ അവസ്ഥാ വിശകലനത്തിന്റെ അടിസ്ഥാനത്തിലല്ല പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കിയിട്ടുള്ളത്. സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധിച്ചതിൽ വർക്കിങ്ങ് ഗ്രൂപ്പുകൾ പദ്ധതി രൂപീകരിയ്ക്കുന്നതിന് മുന്നോടിയായി നിലവിലുള്ള അവസ്ഥാരേഖ പരിഷ്കരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഓരോ വികസന മേഖലയിലും കഴിഞ്ഞ 20 വർഷങ്ങളിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങളും പോരായ്മകളും വികസന മേഖല അഭിമുഖീകരിയ്ക്കുന്ന പ്രശ്നങ്ങളും സാധ്യതകളും വിശകലനം ചെയ്ത് ലക്ഷ്യം നേടുന്നതിനുള്ള മാർഗ്ഗങ്ങൾ എന്നിവ ഉൾപ്പെട്ടതായിരിക്കണം സ്റ്റാറ്റസ് റിപ്പോർട്ട്. ഇവിടെ വിശദമായ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. മുൻ വർഷങ്ങളിൽ ഏറ്റെടുത്ത പ്രൊജക്ടുകളുടെ വിശദാംശങ്ങൾ നടപ്പിലാക്കിയ പ്രൊജക്ടുകളുടെ വിശദാംശങ്ങൾ എന്നിവ അവസ്ഥാരേഖയുടെ ഭാഗമാക്കിയിട്ടില്ല. തയ്യാറാക്കിയിട്ടുള്ള സ്റ്റാറ്റസ് റിപ്പോർട്ടിലെ പല പദ്ധതി നിർദ്ദേശങ്ങളും പൊതുമരാമത്ത് മേഖലയിൽ പദ്ധതികൾ രൂപീകരിച്ചപ്പോൾ പരിഗണിച്ചിട്ടില്ല.

ടെണ്ടർ നടപടികൾ ആരംഭിക്കുന്നതിലും കാലതാമസമുണ്ടായിട്ടുണ്ട്.05.09.19 ന് മാത്രമാണ് ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുള്ളത്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-20 കരാർ വയ്ക്കുന്നതിന് കാലതാമസം - കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയിട്ടില്ല

ജി.ഒ. (പി)13/2012/പിഡബ്ല്യുഡി/1.2.12 പ്രകാരമുള്ള പൊതുമരാമത്ത് മാന്വൽ പ്രകാരം പൊതുമരാമത്ത് പ്രവർത്തികൾക്ക് ടെണ്ടർ അംഗീകരിച്ച് സെലക്ഷൻ നോട്ടീസ് അയച്ച തിയ്യതിക്ക് 14 ദിവസത്തിനുള്ളിൽ കരാർ വയ്ക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് പിഎസി യുടെ 1% പിഴ ഈടാക്കി ക്കൊണ്ട് 10 ദിവസത്തിനുള്ളിൽ കരാർ വയ്ക്കാം. മേൽ കാലപരിധി കഴിഞ്ഞും കരാർ വയ്ക്കാത്ത പക്ഷം കരാർ റദ്ദാക്കി ഇഎംഡി കണ്ടു കെട്ടേണ്ടതും കരാറുകാരനെതിരെ ടെണ്ടർ നിബന്ധന കളിൽ പറഞ്ഞ മറ്റ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. താഴെ പറയുന്ന പ്രോജക്ടുകളിൽ കരാർ പ്രവൃത്തികൾക്കായി 14 ദിവസത്തിനകം കരാർ വയ്ക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കാതെയും മറ്റ് നിയമാനുസൃത നടപടികൾ സ്വീകരിക്കാതെയുമാണ് കരാർ വച്ചിട്ടുള്ളത്.

| ക്രമ നം. | പ്രോജക്ട് | സെലക്ഷൻ നോട്ടീസ് തിയതി | കരാർ വച്ച തിയ്യതി /കരാറുകാരൻ | പിഎസിയുടെ1% ഫൈൻ തുക |
|---|---|---|---|---|
| 1 | ഭാർഗ്ഗവൻപിള്ള റോഡ് (തേനാക്കുഴി കപ്പുറം റോഡ്) 124/19 -20(ബിൽ 048820/ 19-20/19.03.20 ,384000/-) കരാർ തുക 400000 | 15.11.2019 | 60/19-20 / 23 .12.19 ശ്രീ.ജിജീഷ്, പി.സി | 4000/- |
| 2 | മത്തിൽ പൊയിൽ പുതിയമ്പ്രച്ചാൽ അരീക്കരക്കണ്ടി റോഡ് 208/19 -20(425000- ബിൽ -192453/ 19-20/05.04.19 ) കരാർ തുക 493969 മത്തിൽ പൊയിൽ പുതിയമ്പ്രച്ചാൽ അരീക്കരക്കണ്ടി റോഡ് 208/19 -20(425000- ബിൽ -192453/ 19-20/05.04.19 ) കരാർ തുക 493969 | 09.11.2018 | 39/18-19 / 10 .12.2018 ശ്രീ.അബ്ദുൾ മജീദ്. പി.വി | 4939/ |
| 3 | ഉറുവിങ്കര- ചുണ്ടൻ കുഴിയിൽ റോഡ് 206/19 -20(ബിൽ 192451/ 19-20 /05.04.19 ,459797/-) കരാർ തുക 459800 | 09.11.2018 | 41/18-19 / 10.12.18ശ്രീ.അബ്ദു സലീം.കെ.പി | 4598/- |
| 4 | കരുമല വള്ളിയോത്ത് റോഡ് 235/19 -20(ബിൽ 312115/ 19-20 /06.07.19 ,400000/-) കരാർ തുക 400000 | 14.02.2018 | 72/17-8/08.03.18 ശ്രീ.അബ്ദു സലീം.കെ.പി | 4000/- |
| | | | ആകെ | 17537/- |

മേൽ കരാർ വയ്ക്കാൻ വൈകിയതിന് കാരണം കാണിക്കുകയോ ആയത് അംഗീകരിക്ക പ്പെടുകയോ ചെയ്തിട്ടില്ല. കൂടാതെ പല പ്രവർത്തി ഫയലുകളിലധികവും സെലക്ഷൻ നോട്ടീസ് വച്ചിട്ടില്ലാത്തതിനാൽ സമയബന്ധിതമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമല്ല. യഥാസമയം കരാർ വയ്ക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കാതെയും മറ്റ് നിയമാ നുസൃത നടപടികൾ സ്വീകരിക്കാതെയുമാണ് കരാർ വച്ച് പ്രവർത്തി പൂർത്തിയാക്കി യിട്ടുള്ളത്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. പിഴയിനത്തിൽ ലഭിക്കേണ്ടതുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-21 പൊതു വാട്ടർ ടാപ്പ് രജിസ്റ്റർ തയ്യാറാക്കിയില്ല

2019-20 വാർഷിക കണക്ക് പ്രകാരം സ്ട്രീറ്റ് വാട്ടർ ചാർജ്ജ് ഇനത്തിൽ 683816/- രൂപ വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ പ്രവർത്തന ക്ഷമമായവയ്ക്ക് മാത്രമെ വാട്ടർ ചാർജ്ജ് നൽകുന്നുള്ളൂ എന്ന് പഞ്ചായത്ത് ഉറപ്പ് വരുത്തിയിട്ടില്ല. പഞ്ചായത്തിലെ പ്രവർത്തന ക്ഷമമായ വാട്ടർടാപ്പുകൾ ഏതൊക്കെ എന്നും പ്രവർത്തന ക്ഷമമല്ലാത്ത വാട്ടർ ടാപ്പുകൾ ഏതൊക്കെ എന്നും മനസിലാക്കുന്നതിനായി വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

## 1-22 കരുവാറ്റ ക്കുന്ന് കുടിവെള്ള പദ്ധതി - പ്രവർത്തന വിവരം ലഭ്യമാക്കുന്നത് സംബന്ധിച്ച്

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2019-20 വർഷത്തിൽ കരുവാറ്റക്കുന്ന് കുടിവെള്ള പദ്ധതിയ്ക്കായി 2പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട് .വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | പ്രൊജക്റ്റ് | റിമാർക്സ് |
|---|---|---|
| 1 | 309/18-19,190/19-20 കരുവാറ്റക്കുന്ന് കുടിവെള്ള പദ്ധതി വൈദ്യുതീകരണം<br>കരാറു കാരൻ- ശ്രീ. ശശീന്ദ്രൻ ഇ<br>അടങ്കൽ- 158516(എസ്.സി.പി )<br>ചെലവ് 150000(ബിൽ- 040601/5.4.19<br>കരാർ- 05/18-19/25.01.2109 | പദ്ധതിയ്ക്കായി മോട്ടോർ അനുബന്ധ ഉപകരണങ്ങൾ വാങ്ങി വയ്ക്കുന്നതിനുള്ള പദ്ധതി |
| 2 | 319/18-19,278/19-20,156 /20-21 കരുവാറ്റക്കുന്ന് കുടിവെള്ള പദ്ധതി<br>കരാറു കാരൻ- ശ്രീ. റിജു.<br>അടങ്കൽ- 400000((എസ്.സി.പി )<br>ചെലവ് 249983 (ബിൽ- 4836911/13.03.20<br>കരാർ- 20/19 -20/30.10.2019 | നിലവിലുള്ള ടാങ്ക് ടൈലിടാനും പമ്പ് ഹൗസ് റിനോവേഷനുമാണ് പദ്ധതി തയ്യാറാക്കിയത് |

മേൽ പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1. പദ്ധതി നിലവിൽ കമ്മീഷൻ ചെയ്തതാണോ എന്ന് വ്യക്തമല്ല.

2. നിലവിൽ വൈദ്യുതി ലഭിച്ചതാണോ എന്ന് വ്യക്തമല്ല.

3. മോട്ടോർ അനുബന്ധ ഉപകരണങ്ങൾ മാറ്റി സ്ഥാപിച്ചതാണോ എന്ന് വ്യക്തമല്ല. ആണെങ്കിൽ പഴയമോട്ടോറും അനുബന്ധ ഉപകരണങ്ങളും എന്തു ചെയ്തു എന്ന് വ്യക്തമല്ല.

4. മേൽ പദ്ധതികളുടെ മോണിറ്ററിങ്ങ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല

5.ഒന്നാമത്തെ പദ്ധതിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-23 കൃഷിഭവൻ- സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

നിർവ്വഹണ ഉദ്യോഗസ്ഥ - കൃഷി ഓഫീസർ

2019-20 സാമ്പത്തിക വർഷം കൃഷിഭവനിലേക്ക് പ്രോജക്റ്റ് നം 137/19 പ്രകാരം 4 കസേര, രണ്ട് സ്റ്റീൽ ടേബിൾ, ഒരു സ്റ്റീൽ കാബിനറ്റ് എന്നിവയും പ്രോജക്റ്റ് നം 145/19-20 പ്രകാരം ഒരു കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. എന്നാൽ ഇവ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

## 1-24 ആറപ്പാത്ത് പൊയിൽ അരീക്കൽ റോഡ് പ്രവർത്തി - ടെണ്ടർ കുറവ് വരുത്താതെ ബിൽ തുക അനുവദിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥ - അസിസ്റ്റന്റ് എഞ്ചിനീയർ

പ്രൊജക്റ്റ് - 236/2019-20 (സ്പിൽ ഓവർ)

കരാറു കാരൻ - ശ്രീ. സൂരജ്. കെ.കെ

അടങ്കൽ - 700000/- (മെയിന്റനൻസ് ഗ്രാന്റ് റോഡ്)

ചെലവ് - 700000/- (ബിൽ നം. 552929/05.09.2019)

കരാർ - 53/2017-18/16.2.2018

ഈ പദ്ധതിയിൽ ആറപ്പാത്ത് പൊയിൽ അരീക്കൽ റോഡ് സൈഡ് 417 മീറ്റർ ഡ്രെയ്നേജ് നിർമ്മിക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുള്ളത്. പ്രവർത്തി നടത്താനായി 09.01.2018 ൽ നടത്തിയ ഇ -ടെണ്ടറിൽ 4 കരാറുകാർ പങ്കെടുത്തു. ഇതിൽ ഏറ്റവും കുറവ് തുക ക്വോട്ട് ചെയ്ത ശ്രീ.സൂരജിന് പ്രവർത്തി നൽകി (16% കുറവ്) . 16.2.2108 കരാറിൽ ഏർപ്പെട്ടെങ്കിലും പ്രവർത്തനം ആരംഭിച്ചിരുന്നില്ല. എന്നാൽ 21.02.2018 ലെ 2/18 നമ്പർ തീരുമാന പ്രകാരം ഭരണ സമിതി ഈ പദ്ധതി റിവൈസ് ചെയ്യാൻ തീരുമാനിക്കുകയും ഒറിജിനൽ എസ്റ്റീമേറ്റ് റിവൈസ് ചെയ്ത് 126 മീറ്റർ റോഡ് കോൺക്രീറ്റ് ബെൽറ്റ്, 114 മീറ്റർ റോഡിന് കരിങ്കല്ല് കെട്ടുന്നതിനുമാക്കി മാറ്റി.കരാറുകാരൻ വളരെ വൈകിയാണ് പ്രവർത്തി ആരംഭിച്ചത്. 01.02.2019 മുതൽ 26.02.2019 വരെയുള്ള കാലയളവിലാണ് കരാറുകാരൻ പ്രവർത്തി പൂർത്തീകരിച്ചത് (എം.ബുക്ക് നം. 296/18-19)

കരാറുകാരന് പ്രവർത്തി ബിൽ തുക അനുവദിച്ചപ്പോൾ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് പുതിയതായി ചെയ്ത പ്രവർത്തി ഇനങ്ങൾക്ക് കരാറുകാരൻ ക്വോട്ട് ചെയ്ത ഇളവ് പരിഗണിക്കാതെ എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴുവൻ തുകയും അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| പ്രവർത്തി ഇനം | അനുവദിച്ച തുക | അനുവദനീയമായ | അധികം അനുവദിച്ചത് |
|---|---|---|---|

| | | തുക | |
|---|---|---|---|
| Od 106689 Demolishing Stone Rubble | 3.75m3@443.11/M3<br>m= 1661.66 | 3.75 X 372.12<br>=1395.45 | 1661.66-1395.45<br>=266.21 |
| Od 106691 DR Masonary | 2.25m3@1059.6/M3<br>= 2384.1 | 2.25 X890.06<br>=2002.63 | 2384.1-2002.63<br>= 381.46 |
| Od01103510 DRM | 57.116m3@2842.4/M3<br>= 162346.52 | 57.116X2387.62<br>=136371.30 | 162346.52-136371.30=25975.22 |
| Od 303.5.2 Compacting Original Ground.. | 108.9 M3@52.66/M3<br>= 5734.67 | 108.9X44.23=<br>4816.65 | 5734.67-4816.65=888.02 |
| Fill Up Low Level Area With Quarry Muck | 39.99m3@929.98/M3<br>= 37189.90 | 39.99X 781.18=<br>31239.39 | 37189.90-31239.39=5950.51 |
| 11.4.3.1 Concrete Work | 59.98m3@8189.36/M3<br>= 491197.81 | 59.98X6879.06<br>=412606.02 | 491197.81-412606.02=78591.79 |
| | ആകെ | | 112053.21 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അധികം ചെലവഴിച്ച തുക സഞ്ചിത നിധിയിലേക്ക് അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

**<u>1-25 കരാർ പ്രകാരം പ്രവർത്തി പൂർത്തീകരിക്കാത്ത കരാറു കാർക്കെതിരെ നടപടി സ്വീകരിച്ചില്ല, പ്രവർത്തിയ്ക്ക് അധികതുക ചെലവഴിച്ചു</u>**

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷത്തിൽ നടപ്പിലാക്കിയ താഴെ പറയുന്ന പ്രൊജക്ടുകളിൽ കരാറുകാർ കരാർ കാലാവധി കഴിഞ്ഞിട്ടും പ്രവർത്തി ആരംഭിക്കാതിരുന്നിട്ടും കരാറുകാർക്കെതിരെ യാതൊരു നടപടിയും എടുക്കാതിരിക്കുകയും അധിക ചെലവ് വരുത്തി വയ്ക്കുകയും ചെയ്തിട്ടുണ്ട്. കരാർ പ്രകാരം പ്രവർത്തി നടത്താതിരുന്ന കരാറുകാരനെതിരെ നട പടി സ്വീകരിയ്ക്കുകയും ടിയാന്റെ നഷ്ട ഉത്തരവാദിത്ത്വത്തിൽ പ്രവർത്തി റിടെണ്ട ർ ചെയ്ത് നടപ്പിലാക്കുകയും ചെയ്യണമായിരുന്നു. 2017-18 വർഷത്തിൽ പ്രാബല്യ ത്തിലുള്ള 42.16 ശതമാനം നിരക്കിൽ കോസ്റ്റ് ഇൻഡക്സ് കണക്കാക്കി എസ്റ്റിമേറ്റ് തയ്യാറാക്കിയ പ്രവർത്തികളാണ് നടപ്പാക്കിയത്. റീ ടെണ്ടർ ചെയ്ത 2019-20 വർഷത്തിൽ കോസ്റ്റ് ഇൻഡക്സ് 31.06 ശതമാനം എന്ന തോതിൽ നിർണയിച്ച് പ്രവർത്തി നടത്തിയിരുന്നെങ്കിൽ അധികം ചെലവ് ഉണ്ടാകുമായിരുന്നില്ല . കൂടാതെ തദ്ദേശ സ്വയം ഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18.08.2018 – ലെ എ.സി2/ 223/15. ത.സ്വ.ഭ.വ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവർത്തി പൂർത്തീകരിക്കാത്ത പക്ഷം ആദ്യത്തെ മൂന്ന് മാസത്തേക്ക് കരാർ തുകയുടെ 1% വും പിന്നീടുള്ള ഓരോ മൂന്ന് മാസത്തേക്കും കരാർ തുകയുടെ 2% നിരക്കിലും പിഴ ഈ ടാക്കേണ്ടതാണ്. എന്നാൽ പിഴ ഈടാക്കാതെ മുഴുവൻ തുകയും കരാറുകാരന് നൽകുകയാണ് ചെയ്തത്. കരാറുകാരനിൽ നിന്നും ഈടാക്കേണ്ട പിഴയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രൊജക്ട് | ചെലവ്<br>42.16 % കോസ്റ്റ് ഇൻഡക്സിൽ | കരാറുകാരൻഅഗ്രി. നമ്പർ, തിയ്യതി.എം-ബുക്ക് നമ്പർ | ടി.എസ് പ്രകാരം പ്രവർത്തി പൂർത്തീകരണ കാല യളവ്.സൈറ്റ്കൈമാറി യതിയ്യതി. പ്രവർത്തി പൂർത്തിയാക്കിയ തിയ്യതി | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|
| 1 | 212/19-20<br>വട്ടക്കണ്ടി പുതിയമ്പ്ര സ്കൂൾ അരീക്കരക്കണ്ടി റോഡ് | 349044<br>(99044-റോഡ് മെയിന്റനൻസ് ഫണ്ട് )ബിൽ നം.469348/19.08.19 250000-ധനകാര്യ കമ്മീഷൻ ഗ്രാന്റ് ബിൽ 192454/5.4.2019) | ശ്രീ.പി.സി.ബഷീർ<br>78/18-19/7.08.18<br>എം.ബുക്ക്-356/18-19 | 5മാസം<br>07.08.18<br>19.02.2019 | ആദ്യ മൂന്ന് മാസത്തേക്ക് പി.എ.സി തുക375000 രൂപയുടെ ( 1%)<br>3750 രൂപ |
| 2 | 238/19-20<br>തേനാക്കുഴി ലക്ഷം വീട് ഭാർഗ്ഗവൻ പിള്ള റോഡ് | 467350<br>(റോഡ് മെയിന്റനൻസ് ഫണ്ട്)<br>ബിൽ നം.<br>332800/11.07.19 | ശ്രീ.ബാബു കെ.കെ<br>38/17-18/29.12.2017<br>എം.ബുക്ക്<br>358/2018-19 | 5മാസം<br>29.12.2017<br>18.03.2019<br>(28.05.2018 ന് പൂർത്തീകരി ക്കേണ്ട പ്രവർത്തി 9 മാസവും 18 ദിവസവും | .പി.എ.സി തുക 468000 രൂപയുടെ ( 7%)<br>32760 രൂപ |

| | | | | | |
|---|---|---|---|---|---|
| | | | | കഴിഞ്ഞാണ് പൂർത്തീകരി ച്ചത് | |
| 3 | 235/19 -20 കരുമല വള്ളിയോത്ത് റോഡ് -) 14.02.2018 | 400000/ (റോഡ് മെയിന്റനൻസ് ഫണ്ട്) (ബിൽ 312115/19-20 /06.07.19 | ശ്രീ.ബഷീർ.പി.സി 72/17-8 /08.03.18 എം.ബുക്ക് 318/18-19/ | 6 മാസം 08.03.2018 05.03.2019 (07.09.2018 ന് പൂർത്തീകരി ക്കേണ്ട പ്രവർത്തി 5 മാസവും 28 ദിവസവും കഴിഞ്ഞാണ് പൂർത്തീകരിച്ചത് | പി.എ.സി തുക 400000 രൂപയുടെ (3%) 12000 രൂപ |
| ആകെ പിഴ | | | | | 48510 |

ഈ പ്രവർത്തികളിൽ എഗ്രിമെന്റിനോടൊപ്പം പ്രവർത്തി കലണ്ടർ ഇല്ല. ടിഎസ് സ്ലിപ്പ് പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരണ കാലാവധിയിൽ പ്രവർത്തി പൂർത്തിയാക്കിയിട്ടില്ല. 1.2.2012 തിയ്യതിയിലെ ജി.ഒ(പി)13/2012/പി. ഡബ്ല്യൂ.ഡി കേരള പൊതുമരാമത്ത് മാനവൽ സെക്ഷൻ 2112-1 പ്രകാരം കരാറിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ മരാമത്ത് പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്തമാണ്. എന്നാൽ പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗിക മായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പി ക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം. പക്ഷേ ഇക്കാര്യത്തിന് എ.ഇ മുഖേന അപേക്ഷിക്കേണ്ടതുണ്ട്. ഈ പ്രവൃത്തികളിലൊന്നും തന്നെ കാലയളവ് ദീർഘീകരണത്തിന് കരാറുകാർ എ.ഇ മുഖേന അപേക്ഷിച്ചിട്ടില്ല. ആദ്യതവണ ദീർഘിപ്പിക്കുന്നതിന് PAC തുകയുടെ 1 ശതമാനവും ആദ്യതവണക്ക ശേഷം 2 ശതമാനവും ആണ് പിഴ ഈടാക്കേണ്ടത്. മാനവൽ സെക്ഷൻ 2112 പ്രകാരം ഒറ്റ തവണയുള്ള ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. പരാമവധി ദീർഘീക രണം ഒറിജിനൽ കാലാവധിയുടെ 50 ശതമാന ത്തിൽ അധികരിക്കാനും പാടില്ല. ഇത്തരം പ്രവർത്തികൾ ക്രമീകരിച്ച ശേഷമേ കരാറുകാരന് തുക നൽകാവൂ. ഇവിടെ വളരെയധികം കാലം കഴിഞ്ഞാണ്. പ്രവർത്തി ആരംഭിക്കുന്നത്. ഇങ്ങനെ പ്രവർത്തി പൂർത്തീകരിക്കുന്നതിന് വീഴ്ച വരുത്തുന്ന കരാറുകാർക്കെതിരെ യാതൊ രു നടപടികളും സ്വീകരിക്കുന്നില്ല. ഇത് പ്രവർത്തികൾ സമയബന്ധിതമായി പൂർത്തിയാകാതിരിക്കുന്നതിനും സ്പിൽ ഓവർ ആകുന്നതിനും ഫണ്ട് നഷ്ടമാകുന്നതിനും ഇടയായിട്ടുണ്ട്.

പൂർത്തീകരണ കാലാവധി സംബന്ധിച്ച് കരാറിൽ വ്യവസ്ഥ ചെയ്തിട്ടില്ല. ദീർഘീകരണം ലഭ്യമാകാതെ പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം വരുത്തിയ കരാറുകാരനെതിരെ നടപടിയൊന്നും എടുക്കാതെ നിയമാനുസൃതം പിഴ ഈടാക്കാതെ ഫൈനൽ ബിൽ തുക അനുവദിച്ചു. മതിയായ സമയം ലഭ്യമായിട്ടും കുറഞ്ഞ നിരക്കിൽ കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്യാതിരുന്നത് മൂലവും കരാറുകാർക്ക് അധിക തുക നൽകേണ്ടി വന്നിട്ടുണ്ട്. പഴയ നിരക്കിലുള്ള എസ്റ്റിമേറ്റ് തുകയിലാണ് സാങ്കേതികാനുമതി വാങ്ങിയതെങ്കിലും പ്രവൃത്തികൾ ഏല്പിച്ചുകൊടുക്കുന്നത് പ്രാബല്യതീയതി കഴിഞ്ഞാണെന്നതിനാൽ കോസ്റ്റ് ഇൻഡെക്സിൽ വന്ന മാറ്റത്തിനനുസരിച്ച് എസ്റ്റിമേറ്റ് തുകയിൽ കുറവ് വരുത്തണമായിരുന്നു.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും പിഴ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക പഞ്ചായത്ത് ഫണ്ടിൽ അടച്ച് വിവരം അറിയിക്കേണ്ടതാണ്.

## <u>1-26 സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ തയ്യാറാക്കിയില്ല.</u>

വാർഷിക കണക്ക് പ്രകാരം 2019- 20 ൽ സ്ട്രീറ്റ് ലൈറ്റ് ഇലക്ട്രിസിറ്റി ചാർജ്ജ് ഇനത്തിൽ പഞ്ചായത്ത് 6,69,655/- രൂപ കെ.എസ്.ഇ.ബി യിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ പ്രവർത്തന ക്ഷമമായവയ്ക്ക് മാത്രമെ ഇലക്ട്രിസിറ്റി ചാർജ്ജ് നൽകുന്നുള്ളൂ എന്ന് പഞ്ചായത്ത് ഉറപ്പ് വരുത്തിയിട്ടില്ല. തെരുവ് വിളക്കുകളിൽ ഏതൊക്കെ തെരുവിളക്കുകൾ പ്രവർത്തന ക്ഷമമാണ്, ഏതൊക്കെ പ്രവർത്തനക്ഷമമല്ല എന്നും എത്ര തെരുവ് വിളക്കുകൾ പഞ്ചായത്തിൽ ഏതൊക്കെ ഇലക്ട്രിസിറ്റി പോസ്റ്റ് നമ്പറുകളിലാണ് ഉള്ളത് എന്നും പരിശോധിക്കുന്നതിനായി കെ.എസ്.ഇ.ബി. യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവ് വിളക്ക് രജിസ്റ്റർ പഞ്ചായത്തിൽ തയ്യാറാക്കിയിട്ടില്ല.

## <u>1-27 എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിലെ അപാകതകൾ</u>

2012 ലെ പുതുക്കിയ കേരള പി.ഡബ്ല്യൂ.ഡി മാന്വൽ 1601.1.2 പ്രകാരം എല്ലാ മരാമത്ത് പ്രവർത്തികൾക്കും സാങ്കേതികാനുമതി ലഭിയ്ക്കുന്നതിന് വിശദമായ എസ്റ്റിമേറ്റ് നിർബന്ധമാണ്.വിശദമായ സൈറ്റ് പരിശോധനയ്ക്ക് ശേഷമാണ് എസ്റ്റി മേറ്റുകൾ തയ്യാറാക്കേണ്ടത്. അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികളുടെ ഫയലുകൾ പരിശോധിച്ചതിൽ എസ്റ്റിമേറ്റുകൾ പലതും പൂർണമായി പൊതുമരാമത്ത് മാന്വലിൽ നിഷ്കർഷിക്കുന്ന രീതിയിൽ തയ്യാറാകുന്നില്ല. ഇത് കാരണം പ്രവർത്തിയുടെ നടത്തിപ്പിന്റെ വിശദമായ അവസ്ഥമനസ്സിലാക്കാൻ സാധിക്കുന്നില്ല. എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ അപൂർണ്ണമായാണ് തയ്യാറാക്കിയിട്ടുള്ളത്. നടത്തിയ പ്രവർത്തിയുടെ വ്യക്തത എസ്റ്റിമേറ്റ് റിപ്പോർട്ടിൽനിന്ന് ലഭിക്കുന്നില്ല. പ്രവർത്തികളുടെ കാര്യത്തിൽ മാന്വലിലെ പല നിർദ്ദേശങ്ങളും പാലിക്കാതെയാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിരിക്കുന്നത്. പുതിയ റോഡുകളുടെകാര്യത്തിലും ,കെട്ടിടങ്ങളുടെ കാര്യത്തിലും നിലവിലെ അവസ്ഥ,ഇതിന്റെ ആവശ്യകതയും ഫീസിബിലിറ്റിയും, പ്രവൃത്തി നടത്താനുദ്ദേശിക്കുന്ന റോഡിൽ സമീപകാലത്ത് നടത്തിയ പ്രവൃത്തികളുടെ വിവരം, മറ്റ് സ്ഥാപനങ്ങൾ (ഉദാ: ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ) നടത്തിയ പ്രവൃത്തികളുടെ വിവരം മുതലായ വിവരങ്ങൾ, പുതിയ

നിർമ്മിതിയാണെങ്കിൽ ആവശ്യമായ സ്ഥലം വിട്ടുകിട്ടിയതു സംബന്ധിച്ച വിവരങ്ങൾ, പ്രവൃത്തി പൂർത്തികരിക്കാനുദ്ദേശിക്കുന്ന കാലയളവ് മുതലായ വിവരങ്ങൾ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നില്ല.

പല പ്രവർത്തികളിലും ഏസ്റ്റിമേറ്റുകൾ പ്രവർത്തി സമയത്ത് പുതുക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ട്. കൃത്യമായ സ്ഥല പരിശോധനയുടെ അടിസ്ഥാനത്തില്ല പല എസ്റ്റിമേറ്റുകളും തയ്യാറാക്കിയിട്ടുള്ളത് എന്ന് വ്യക്തമാണ്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. തേനാക്കുഴി ഭാർഗ്ഗവൻ പിള്ള റോഡ് (പ്രോജക്ട് - 266/18-19,238/19-20 ചെലവ് തുക 467350) പ്രവർത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് നിലവിലുള്ള മൺ റോഡ് 255 മീറ്റർ, നീളത്തിൽ കേൺക്രീറ്റ്, ഡ്രെയിനേജ് എന്നിവ നിർമ്മിക്കുന്നതിനാണ്. എന്നാൽ പിന്നീട് ഭരണ സമിതിയുടെ 21.02.2018 ലെ 2/8 നമ്പർ തീരുമാന പ്രകാരം എസ്റ്റിമേറ്റ് റീവൈസ് ചെയ്തപ്പോൾ നിലവിൽ തൊഴിലുറപ്പ് പദ്ധതിയിൽ സോളിങ്ങ് പൂർത്തായാക്കിയ റോഡായതിനാൽ ടാറിങ്ങ്, ഐറിഷ് ഡ്രെയിൻ എന്നീ പ്രവർത്തികൾക്കായി എസ്റ്റിമേറ്റ് മാറ്റിയിട്ടുണ്ട്. ആദ്യ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് സ്ഥല പരിശോധനയുടെ അടിസ്ഥാനത്തില്ല എന്ന് വ്യക്തമാണ്.

2. പുല്ലങ്കോട്ട് പാറ കേളക്കണ്ടിപ്പാറ പയ്യടിപ്പൊയിൽ റോഡ് (പ്രോജക്ട് - 62/18-19,203/19-20 ചെലവ് തുക 400000) പ്രവർത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് നിലവിലുള്ള സോളിങ്ങ് കഴിഞ്ഞ റോഡിൽ ടാറിങ്ങ് ചെയ്യുന്നതിനാണ്. എന്നാൽ പിന്നീട് ഭരണ സമിതിയുടെ 01.10.2018 ലെ 3/8 നമ്പർ തീരുമാന പ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്തപ്പോൾ നിലവിൽ റോഡ് സോളിങ്ങ് പൂർത്തായാക്കിയിട്ടില്ലാത്തതിനാൽ മൺറോഡിനു മുകളിൽ ടാറിങ്ങ് ചെയ്യുന്ന പ്രവർത്തിയ്ക്കായി എസ്റ്റിമേറ്റ് മാറ്റിയിട്ടുണ്ട്. ആദ്യ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് സ്ഥല പരിശോധനയുടെ അടിസ്ഥാനത്തില്ല എന്ന് വ്യക്താമാണ്.

പ്രൊജക്റ്റുകൾ എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തി കൃത്യവും സമഗ്രവുമാക്കുക, ഫണ്ട് നഷ്ടപ്പെടാതിരിക്കുക, പ്രൊജക്ട് പ്രകാരം സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ ഉപയോഗം സമയബന്ധിതമായി ജനങ്ങൾക്ക് ലഭ്യമാകുക തുടങ്ങിയ ആസൂത്രണ ലക്ഷ്യങ്ങൾ ഉറപ്പുവരുത്താൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് ഇത് മൂലം കഴിയുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-28 നെൽകൃഷിക്ക് കൂലിച്ചിലവ് സബ്സിഡി - പദ്ധതി നടത്തിപ്പിലെ അപാകതകൾ

നിർവ്വഹണം - കൃഷി ഓഫീസർ

1)പ്രോജക്റ്റ് നം - 125/19

വകയിരുത്തിയ തുക – 272000/-

ചെലവ് - 272000/-

2) പ്രോജക്റ്റ് നം - 316/19

വകയിരുത്തിയ തുക – 199760/-

ചെലവ് - 199760/-

പഞ്ചായത്തിലെ നെൽ കർഷകർക്ക് നെൽ കൃഷിക്ക് കൂലി ചെലവ് സബ്സിഡി നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. എന്നാൽ പദ്ധതി മാർഗ്ഗ രേഖ പ്രകാരം ഗപണഭോക്താക്കളുടെ വിള ഇൻഷൂറൻസ് ചെയ്തതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. കൂടാതെ പദ്ധതി നിർവ്വഹണം മോണിറ്ററിംഗ് കമ്മിറ്റി ചർച്ച ചെയ്യുകയോ നടത്തിപ്പിന്റെ പുരോഗതി വിലയിരുത്തുകയോ ചെയ്തിട്ടില്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## 3-1 ആറപ്പാത്ത് പൊയിൽ അരീക്കൽ റോഡ് പ്രവർത്തി - ടെണ്ടർ കുറവ് വരുത്താതെ ബിൽ തുക അനുവദിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥ - അസിസ്റ്റന്റ് എഞ്ചിനീയർ

പ്രൊജക്ട് - 236/2019-20 (സ്പിൽ ഓവർ)

കരാറു കാരൻ - ശ്രീ. സൂരജ്. കെ.കെ

അടങ്കൽ - 700000/- (മെയിന്റനൻസ് ഗ്രാന്റ് റോഡ്)

ചെലവ് - 700000/- (ബിൽ നം. 552929/05.09.2019)

കരാർ - 53/2017-18/16.2.2018

ഈ പദ്ധതിയിൽ ആറപ്പാത്ത് പൊയിൽ അരീക്കൽ റോഡ് സൈഡ് 417 മീറ്റർ ഡ്രെയ്നേജ് നിർമ്മിക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുള്ളത്. പ്രവർത്തി നടത്താനായി 09.01.2018 ൽ നടത്തിയ ഇ -ടെണ്ടറിൽ 4 കരാറുകാർ പങ്കെടുത്തു. ഇതിൽ ഏറ്റവും കുറവ് തുക ക്വോട്ട് ചെയ്ത ശ്രീ.സൂരജിന് പ്രവർത്തി നൽകി (16% കുറവ്) . 16.2.2108 കരാറിൽ ഏർപ്പെട്ടെങ്കിലും പ്രവർത്തനം ആരംഭിച്ചിരുന്നില്ല. എന്നാൽ 21.02.2018 ലെ 2/18 നമ്പർ തീരുമാന പ്രകാരം ഭരണ സമിതി ഈ പദ്ധതി റിവൈസ് ചെയ്യാൻ തീരുമാനിക്കുകയും ഒറിജിനൽ എസ്റ്റീമേറ്റ് റിവൈസ് ചെയ്ത് 126 മീറ്റർ റോഡ് കോൺക്രീറ്റ് ബെൽറ്റ്, 114 മീറ്റർ റോഡിന് കരങ്കല്ല് കെട്ടുന്നതിനുമാക്കി മാറ്റി.കരാറുകാരൻ വളരെ വൈകിയാണ് പ്രവർത്തി ആരംഭിച്ചത്. 01.02.2019 മുതൽ 26.02.2019 വരെയുള്ള കാലയളവിലാണ് കരാറുകാരൻ പ്രവർത്തി പൂർത്തീകരിച്ചത് (എം.ബുക്ക് നം. 296/18-19)

കരാറുകാരന് പ്രവർത്തി ബിൽ തുക അനുവദിച്ചപ്പോൾ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് പുതിയതായി ചെയ്ത പ്രവർത്തി ഇനങ്ങൾക്ക് കരാറുകാരൻ ക്വോട്ട് ചെയ്ത ഇളവ് പരിഗണിക്കാതെ എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴുവൻ തുകയും അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| പ്രവർത്തി ഇനം | അനുവദിച്ച തുക | അനുവദനീയമായ തുക | അധികം അനുവദിച്ചത് |
|---|---|---|---|
| Od 106689 Demolishing Stone Rubble | 3.75m3@443.11/M3<br>മ= 1661.66 | 3.75 X 372.12<br>=1395.45 | 1661.66-1395.45<br>=266.21 |
| Od 106691 DR Masonary | 2.25m3@1059.6/M3<br>= 2384.1 | 2.25 X890.06<br>=2002.63 | 2384.1-2002.63<br>= 381.46 |
| Od01103510 DRM | 57.116m3@2842.4/M3<br>= 162346.52 | 57.116X2387.62<br>=136371.30 | 162346.52-136371.30=25975.22 |
| Od 303.5.2 Compacting Original Ground.. | 108.9 M3@52.66/M3<br>= 5734.67 | 108.9X44.23= 4816.65 | 5734.67-4816.65=888.02 |
| Fill Up Low Level Area With Quarry Muck | 39.99m3@929.98/M3<br>= 37189.90 | 39.99X 781.18= 31239.39 | 37189.90-31239.39=5950.51 |
| 11.4.3.1 Concret Work | 59.98m3@8189.36/M3<br>= 491197.81 | 59.98X6879.06<br>=412606.02 | 491197.81-412606.02=78591.79 |
| | ആകെ | | 112053.21 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അധികം ചെലവഴിച്ച തുക സഞ്ചിത നിധിയിലേക്ക് അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

### 3-2 കരാർ പ്രകാരം പ്രവർത്തി പൂർത്തീകരിക്കാത്ത കരാറുകാർക്കെതിരെ നടപടി സ്വീകരിച്ചില്ല, പ്രവർത്തിയ്ക്ക് അധികതുക ചെലവഴിച്ചു

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷത്തിൽ നടപ്പിലാക്കിയ താഴെ പറയുന്ന പ്രൊജക്ടുകളിൽ കരാറുകാർ കരാർ കാലാവധി കഴിഞ്ഞിട്ടും പ്രവർത്തി ആരംഭിക്കാതിരുന്നിട്ടും കരാറുകാർക്കെതിരെ യാതൊരു നടപടിയും എടുക്കാതിരിക്കുകയും അധിക ചെലവ് വരുത്തി വയ്ക്കുകയും ചെയ്തിട്ടുണ്ട്. കരാർ പ്രകാരം പ്രവർത്തി നടത്താതിരുന്ന കരാറുകാരനെതിരെ നട പടി സ്വീകരിയ്ക്കുകയും ടിയാന്റെ നഷ്ട ഉത്തരവാദിത്ത്വത്തിൽ പ്രവർത്തി റിടെണ്ട ർ ചെയ്ത് നടപ്പിലാക്കുകയും ചെയ്യണമായിരുന്നു. 2017-18 വർഷത്തിൽ പ്രാബല്യ ത്തിലുള്ള 42.16 ശതമാനം നിരക്കിൽ കോസ്റ്റ് ഇൻഡക്സ് കണക്കാക്കി എസ്റ്റിമേറ്റ് തയ്യാറാക്കിയ പ്രവർത്തികളാണ് നടപ്പാക്കിയത്. റീ ടെണ്ടർ ചെയ്ത 2019-20 വർഷത്തിൽ കോസ്റ്റ് ഇൻഡക്സ് 31.06 ശതമാനം എന്ന തോതിൽ നിർണയിച്ച് പ്രവർത്തി നടത്തിയിരുന്നെങ്കിൽ അധികം ചെലവ് ഉണ്ടാകുമായിരുന്നില്ല . കൂടാതെ തദ്ദേശ സ്വയം ഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18.08.2018 – ലെ എ.സി2/ 223/15. ത.സ്വ.ഭ.വ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവർത്തി പൂർത്തീകരിക്കാത്ത പക്ഷം ആദ്യത്തെ മൂന്ന് മാസത്തേക്ക് കരാർ തുകയുടെ 1% വും പിന്നീടുള്ള ഓരോ മൂന്ന് മാസത്തേക്കും കരാർ തുകയുടെ 2% നിരക്കിലും പിഴ ഈ ടാക്കേണ്ടതാണ്. എന്നാൽ പിഴ ഈടാക്കാതെ മുഴുവൻ തുകയും കരാറുകാരന് നൽകുകയാണ് ചെയ്തത്. കരാറുകാരനിൽ നിന്നും ഈടാക്കേണ്ട പിഴയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രൊജക്ട് | ചെലവ്<br>42.16 % കോസ്റ്റ് ഇൻഡക്സിൽ | കരാറുകാരൻഅഗ്രി. നമ്പർ, തിയ്യതി.എം-ബുക്ക് നമ്പർ | ടി.എസ് പ്രകാരം പ്രവർത്തി പൂർത്തീകരണ കാല യളവ്.സൈറ്റ്കൈമാറി യതിയ്യതി. പ്രവർത്തി പൂർത്തിയാക്കിയ തിയ്യതി | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|
| 1 | 212/19-20<br>വട്ടക്കണ്ടി<br>പുതിയമ്പ്ര സ്കൂൾ | 349044<br>(99044-റോഡ്<br>മെയിന്റനൻസ് ഫണ്ട് )ബിൽ | ശ്രീ.പി.സി.ബഷീർ<br>78/18-19/7.08.18 | 5മാസം<br>07.08.18<br>19.02.2019 | ആദ്യ മൂന്ന് മാസത്തേക്ക് പി.എ.സി |

| | | | | | |
|---|---|---|---|---|---|
| | അരീക്കരക്കണ്ടി റോഡ് | നം.469348/19.08.19 250000-ധനകാര്യ കമ്മീഷൻ ഗ്രാന്റ് ബിൽ 192454/5.4.2019) | എം.ബുക്ക്-356/18-19 | | തുക375000 രൂപയുടെ (1%) 3750 രൂപ |
| 2 | 238/19-20 തേനാക്കുഴി ലക്ഷം വീട് ഭാർഗ്ഗവൻ പിള്ള റോഡ് | 467350 (റോഡ് മെയിന്റനൻസ് ഫണ്ട്) ബിൽ നം. 332800/11.07.19 | ശ്രീ.ബാബു കെ.കെ 38/17-18/29.12.2017 എം.ബുക്ക് 358/2018-19 | 5മാസം 29.12.2017 18.03.2019 (28.05.2018 ന് പൂർത്തീകരി ക്കേണ്ട പ്രവർത്തി 9 മാസവും 18 ദിവസവും കഴിഞ്ഞാണ് പൂർത്തീകരി ച്ചത് | .പി.എ.സി തുക 468000 രൂപയുടെ (7%) 32760 രൂപ |
| 3 | 235/19 -20 കരുമല വള്ളിയോത്ത് റോഡ് -) 14.02.2018 | 400000/ (റോഡ് മെയിന്റനൻസ് ഫണ്ട്) (ബിൽ 312115/19-20 /06.07.19 | ശ്രീ.ബഷീർ.പി.സി 72/17-8 /08.03.18 എം.ബുക്ക് 318/18-19/ | 6 മാസം 08.03.2018 05.03.2019 (07.09.2018 ന് പൂർത്തീകരി ക്കേണ്ട പ്രവർത്തി 5 മാസവും 28 ദിവസവും കഴിഞ്ഞാണ് പൂർത്തീകരിച്ചത് | പി.എ.സി തുക 400000 രൂപയുടെ (3%) 12000 രൂപ |
| ആകെ പിഴ | | | | | 48510 |

ഈ പ്രവർത്തികളിൽ എഗ്രിമെന്റിനോടൊപ്പം പ്രവർത്തി കലണ്ടർ ഇല്ല. ടിഎസ് സ്ലിപ്പ് പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരണ കാലാവധിയിൽ പ്രവർത്തി പൂർത്തിയാക്കിയിട്ടില്ല. 1.2.2012 തിയ്യതിയിലെ ജി.ഒ(പി)13/2012/പി.ഡബ്ള്യൂ.ഡി കേരള പൊതുമരാമത്ത് മാനവൽ സെക്ഷൻ 2112-1 പ്രകാരം കരാറിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ മരാമത്ത് പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്തമാണ്. എന്നാൽ പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗിക മായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പി ക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം. പക്ഷേ ഇക്കാര്യത്തിന് എ.ഇ മുഖേന അപേക്ഷിക്കേണ്ടതുണ്ട്. ഈ പ്രവൃത്തികളിലൊന്നും തന്നെ കാലയളവ് ദീർഘീകരണത്തിന് കരാറുകാർ എ.ഇ മുഖേന അപേക്ഷിച്ചിട്ടില്ല. ആദ്യതവണ ദീർഘിപ്പിക്കുന്നതിന് PAC തുകയുടെ 1 ശതമാനവും ആദ്യതവണക്ക ശേഷം 2 ശതമാനവും ആണ് പിഴ ഈടാക്കേണ്ടത്. മാനവൽ സെക്ഷൻ 2112 പ്രകാരം ഒറ്റ തവണയുള്ള ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. പരാമവധി ദീർഘീക രണം ഒറിജിനൽ കാലാവധിയുടെ 50 ശതമാന ത്തിൽ അധികരിക്കാനും പാടില്ല. ഇത്തരം പ്രവർത്തികൾ ക്രമീകരിച്ച ശേഷമേ കരാറുകാരന് തുക നൽകാവൂ. ഇവിടെ വളരെയധികം കാലം കഴിഞ്ഞാണ്. പ്രവർത്തി ആരംഭിയ്ക്കുന്നത്. ഇങ്ങനെ പ്രവർത്തി പൂർത്തീകരിയ്ക്കുന്നതിന് വീഴ്ച വരുത്തുന്ന കരാറുകാർക്കെതിരെ യാതൊ രു നടപടികളും സ്വീകരിയ്ക്കുന്നില്ല. ഇത് പ്രവർത്തികൾ സമയബന്ധിതമായി പൂർത്തിയാകാതിരിക്കുന്നതിനും സ്പിൽ ഓവർ ആകുന്നതിനും ഫണ്ട് നഷ്ടമാകുന്നതിനും ഇടയായിട്ടുണ്ട്.

പൂർത്തീകരണ കാലാവധി സംബന്ധിച്ച് കരാറിൽ വ്യവസ്ഥ ചെയ്തിട്ടില്ല. ദീർഘീകരണം ലഭ്യമാകാതെ പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം വരുത്തിയ കരാറുകാരനെതിരെ നടപടിയൊന്നും എടുക്കാതെ നിയമാനുസൃതം പിഴ ഈടാക്കാതെ ഫൈനൽ ബിൽ തുക അനുവദിച്ചു. മതിയായ സമയം ലഭ്യമായിട്ടും കുറഞ്ഞ നിരക്കിൽ കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്യാതിരുന്നത് മൂലവും കരാറുകാർക്ക് അധിക തുക നൽകേണ്ടി വന്നിട്ടുണ്ട്. പഴയ നിരക്കിലുള്ള എസ്റ്റിമേറ്റ് തുകയിലാണ് സാങ്കേതികാനുമതി വാങ്ങിയതെങ്കിലും പ്രവൃത്തികൾ ഏല്പിച്ചുകൊടുക്കുന്നത് പ്രാബല്യതീയതി കഴിഞ്ഞാണെന്നതിനാൽ കോസ്റ്റ് ഇൻഡെക്സിൽ വന്ന മാറ്റത്തിനനുസരിച്ച് എസ്റ്റിമേറ്റ് തുകയിൽ കുറവ് വരുത്തണമായിരുന്നു.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും പിഴ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക പഞ്ചായത്ത് ഫണ്ടിൽ അടച്ച് വിവരം അറിയിക്കേണ്ടതാണ്.

### 3-3 കരാർ വയ്ക്കുന്നതിന് കാലതാമസം - കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയിട്ടില്ല

ജി.ഒ. (പി)13/2012/പിഡബ്ള്യൂഡി/1.2.12 പ്രകാരമുള്ള പൊതുമരാമത്ത് മാന്വൽ പ്രകാരം പൊതുമരാമത്ത് പ്രവർത്തികൾക്ക് ടെണ്ടർ അംഗീകരിച്ച് സെലക്ഷൻ നോട്ടീസ് അയച്ച തിയ്യതിക്ക് 14 ദിവസത്തിനുള്ളിൽ കരാർ വയ്ക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് പി.എ.സി. യുടെ 1% പിഴ ഈടാക്കി ക്കൊണ്ട് 10 ദിവസത്തിനുള്ളിൽ കരാർ വയ്ക്കാം. മേൽ കാലപരിധി കഴിഞ്ഞും കരാർ വയ്ക്കാത്ത പക്ഷം കരാർ റദ്ദാക്കി ഇഎംഡി കണ്ടു കെട്ടേണ്ടതും കരാറുകാരനെതിരെ ടെണ്ടർ നിബന്ധനകളിൽ പറഞ്ഞ മറ്റു നടപടികൾ സ്വീകരിക്കേണ്ടതുമാണ്. താഴെ പറയുന്ന പ്രോജക്ടുകളിൽ കരാർ പ്രവൃത്തികൾക്കായി 14 ദിവസത്തിനകം കരാർ വയ്ക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കാതെയും മറ്റ് നിയമാനുസൃത നടപടികൾ സ്വീകരിക്കാതെയുമാണ് കരാർ വച്ചിട്ടുള്ളത്.

| ക്രമ നം. | പ്രോജക്ട് | സെലക്ഷൻ നോട്ടീസ് | കരാർ വച്ച തിയ്യതി /കരാറുകാരൻ | പിഎസിയുടെ1% ഫൈൻ തുക |
|---|---|---|---|---|

| | | തിയതി | | |
|---|---|---|---|---|
| 1 | ഭാർഗ്ഗവൻപിള്ള റോഡ് (തേനാക്കുഴി കപ്പൂരം റോഡ്) 124/19 -20(ബിൽ 048820/ 19-20/19.03.20 ,384000/-) കരാർ തുക 400000 | 15.11.2019 | 60/19-20 / 23 .12.19 ശ്രീ.ജിജീഷ്, പി.സി | 4000/- |
| 2 | മഠത്തിൽ പൊയിൽ പുതിയമ്പ്രച്ചാൽ അരീക്കരക്കണ്ടി റോഡ് 208/19 -20(425000- ബിൽ -192453/ 19-20/05.04.19 ) കരാർ തുക 493969 മഠത്തിൽ പൊയിൽ പുതിയമ്പ്രച്ചാൽ അരീക്കരക്കണ്ടി റോഡ് 208/19 -20(425000- ബിൽ -192453/ 19-20/05.04.19 ) കരാർ തുക 493969 | 09.11.2018 | 39/18-19 / 10 .12.2018 ശ്രീ.അബ്ദുൾ മജീദ്. പി.വി | 4939/ |
| 3 | ഉറുവിങ്കര- ചുണ്ടൻ കുഴിയിൽ റോഡ് 206/19 -20(ബിൽ 192451/ 19-20 /05.04.19 ,459797/-) കരാർ തുക 459800 | 09.11.2018 | 41/18-19 / 10.12.18ശ്രീ.അബ്ദു സലീം.കെ.പി | 4598/- |
| 4 | കരുമല വള്ളിയോത്ത് റോഡ് 235/19 -20(ബിൽ 312115/ 19-20 /06.07.19 ,400000/-) കരാർ തുക 400000 | 14.02.2018 | 72/17-8/08.03.18 ശ്രീ.അബ്ദു സലീം.കെ.പി | 4000/- |
| | | | ആകെ | 17537/- |

മേൽ കരാർ വയ്ക്കാൻ വൈകിയതിന് കാരണം കാണിക്കുകയോ ആയത് അംഗീകരിക്ക പ്പെടുകയോ ചെയ്തിട്ടില്ല. കൂടാതെ പല പ്രവർത്തി ഫയലുകളിലധികവും സെലക്ഷൻ നോട്ടീസ് വച്ചിട്ടില്ലാത്തതിനാൽ സമയബന്ധിതമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമല്ല. യഥാസമയം കരാർ വയ്ക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കാതെയും മറ്റ് നിയമാ നസൃത നടപടികൾ സ്വീകരിക്കാതെയുമാണ് കരാർ വച്ച് പ്രവർത്തി പൂർത്തിയാക്കി യിട്ടുള്ളത്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. പിഴയിനത്തിൽ ലഭിക്കേണ്ടതുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -4

### 4-1 സംയുക്ത പ്രൊജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 80000 | നെൽകൃഷി കൂലിചെലവ് സബ്സിഡി | 80000 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 96000 | നെൽകൃഷി കൂലിചെലവ് സബ്സിഡി | 96000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 1900000 | ലൈഫ് ഭവന പദ്ധതി(ജനറൽ) | 1900000 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 1100000 | ലൈഫ് ഭവന പദ്ധതി(ജനറൽ) | 1100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 700000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 700000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 200000 | ക്ഷീരകർഷകർക്ക് അളക്കുന്ന പാലിന് ഇൻസെന്റീവ് | 200000 | 0 |

### 4-2 ഡെപ്പോസിറ്റ് വർക്കുകൾക്ക നല്കിയ തുകയുടെ വിവരം

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരം

ഇല്ല

## 4-4 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | തൻ വർഷം എടുത്തവായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ളതുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ ഭവനപദ്ധതി 2018-19 | സ.ഉ 27/19 തീ.22/02/2019 | 4240000 | 14760000 | 1279412 | | 17720588 |
| ഇ.എം.എസ് | 538/10 എൽ.എസ്.ജി.ഡി തീയ്യതി 18.2.2010 | 0 | 3691441 | 3691441 | | 0 |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 78069 |
| തൻവർഷം നിക്ഷേപിച്ച തുക | 6246 |
| ആകെ | 84315 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവസാനിക്കുന്ന സ്ഥിര നിക്ഷേപം | 84315 |
| ആകെ | 84315 |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം 94414/- രൂപ വരവ് വന്നിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീറ്റ് നമ്പർ / തീയതി |
|---|---|---|---|---|
| 2017-18 | 1-12(7) | 984 | സെക്രട്ടറി | 119010100677/23.5.19 |
| 2017-18 | 3-2 | 14700 | ജിജീഷ്.പി.സി, കരാറുകാരൻ | 119010105622/17.10.19 |
| 2017-18 | 3-2 | 29250 | മൊയ്തീൻ കോയ | 119010105623/17.10.19 |
| 2017-18 | 3-2 | 9000 | സാദിഖ് റഹിമാൻ | 119010105624/17.10.19 |
| 2017-18 | 3-2 | 10200 | അബ്ദുൾ മജീദ് | 119010105625/17.10.19 |
| 2017-18 | 3-7 | 27490 | അശ്വന്ത് | 119010106017/06.11.19 |
| 2017-18 | 3-2 | 2790 | അസി.എഞ്ചിനീയർ | 119010110348/27.2.20 |
| | | 94414 | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് | ഖണ്ഡിക | വിഷയം |
|---|---|---|---|---|

| വർഷം | | വർഷം | | |
|---|---|---|---|---|
| 1998-99 | | 2003-04 | 11.14 | ഭവനനിർമ്മാണം പൂർത്തിയാക്കിയില്ല. |
| 2001-02 | ഖ 7 | 2003-04 | 11.13.1.9 | വനിതാ ബേക്കറി യൂണിറ്റ് പ്രവർത്തനം ആരംഭിച്ചില്ല |
| 1999-00 | ഖ 30 | 2003-04 | 11.13.2.1 | വ്യവസായ എസ്റ്റേറ്റുകൾ പ്രയോജനപ്പെട്ടില്ല. |
| 1999-00 | ഖ 32 | 2003-04 | 11.13.5.5 | മൈത്രി ഭവനപദ്ധതി |
| 2001-02 | | | 11.4 | തെരുവു വിളക്ക് സ്ഥാപി ക്കൽ -117360<br>മറ്റ് പരാമർശങ്ങൾ |
| 2001-02 | | | 11.4 | വനിതാ ബേക്കറി യൂണിറ്റ്-20000 |
| 2001-02 | 3.1 | | 2.70 1.8.6 | കുടിവെള്ള പദ്ധതികൾ |
| 2001-02 | ഭാഗം 1 | 2005-06 | 2.70.1.11.16 | വൗച്ചറുകൾ രജിസ്റ്ററുകൾ കൃത്യമല്ല. |
| 2001-02 | ഭാഗം 1 | 2005-06 | 2.70.1.12.4 | ഗ്രാമസഭ |
| 01-02 ,<br>2001-02, | 2-1<br>2-2 | 2005-06 | 2.70.1.13.9 | തനത് വരവ് കാലഹരണപ്പെട്ടു. |
| 2001-02 | | 2005-06 | 2.70.1.14.27. | നികുതി പിരിവ് അലംഭാവം |
| 2002-03 | 2.9 | 2006-07 | 3.79.1.5 | നികുതി കാലഹരണപ്പെട്ടു. |
| 2002-03 | 3.17 | 2006-07 | 3.79.12 | കാർഷികോപകരണ വിതരണം |
| 2002-03 | 3.13 | 2006-07 | 3.79.18.14 | കമ്മ്യൂണിറ്റി ഹാൾ പൂർത്തിയാക്കിയില്ല. |
| | | 2011-12 | 3.2.7<br>3.2.6<br>3.2.10<br>3.2.12<br>3.2.22<br>3.2.13 | ആസ്തി രജിസ്റ്റർ പരിപാലനം<br>വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം<br>റോഡ് ചെയിനേജ് രേഖപ്പെടുത്തൽ<br>മരാമത്ത് പണികളുടെ നടത്തിപ്പ്<br>അധികാര പരിധി ലംഘിച്ച് പ്രവൃത്തി നടത്തി |
| 2012-13 | 4-1 | 2014-15 | 4.1.5 | വ്യവസായ കേന്ദ്രങ്ങൾ കെട്ടിട നിർമ്മാണം മാത്രം. |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 112897175 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 103438858 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 178100 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2356627 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 112053 | ശ്രീമതി. അഞ്ജലി.പി ,<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | | 48510 | 44760 -ശ്രീമതി.സൂര്യ വി.ബി ,<br>അസിസ്റ്റന്റ് എഞ്ചിനീയർ<br>3750-ശ്രീമതി.അഞ്ജലി.പി ,<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | | 17537 | 13537 -ശ്രീമതി.സൂര്യ വി.ബി , |

| | | | |
|---|---|---|---|
| | | | അസിസ്റ്റന്റ് എഞ്ചിനീയർ<br>4000-ശ്രീമതി.അഞ്ജലി.പി ,<br>അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 14726 | അബ്ദുറഹിമാൻ.എം.കെ<br>ഹെഡ്മാസ്റ്റർ |
| 1-15 | 641901 | അബ്ദുറഹിമാൻ.എം.കെ<br>ഹെഡ്മാസ്റ്റർ |
| 1-16 | 1700000 | അബ്ദുറഹിമാൻ.എം.കെ<br>ഹെഡ്മാസ്റ്റർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ പേരും സ്ഥിരംമേൽവിലാസവും

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/ തടസ്സപ്പെടുത്തിയതിന് ഉത്തരവാദികളായവരുടെ പേരുവിവരം

| പേരും ഉദ്യോഗപ്പേരും | നിലവിലെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അബ്ദുറഹിമാൻ.എം.കെ<br>ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ,<br>ജി.എം.എൽ.പി.എസ്,<br>പൂനൂർ | മുണ്ടോത്ത് കണ്ടി,<br>പൂനൂർ<br>ഉണ്ണികുളം പി.ഒ |
| ശ്രീമതി.സൂര്യ വി.ബി | അസിസ്റ്റന്റ് എഞ്ചിനീയർ,<br>പി.ഡബ്ല്യു.ഡി ബിൽഡിഗ് സെക്ഷൻ 1,<br>സിവിൽ സ്റ്റേഷൻ, കോഴിക്കോട്. | വടക്കയിൽ, പിലാശ്ശേരി പി.ഒ,<br>കുന്ദമംഗലം, 673571 |
| ശ്രീമതി. അഞ്ജലി.പി | അസിസ്റ്റന്റ് എഞ്ചിനീയർ,<br>എൽഎസ്.ജി.ഡി,<br>ഉണ്ണികുളം ഗ്രാമ പഞ്ചായത്ത് | ശിശിരം, ചീപ്പിലാട്ട്,<br>മക്കട പി.ഒ<br>കക്കോടി 673611 |

4-10 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | LF KKD /P10/945/2011 21.7.11 | 26,27,28,29,30,31,39 |
| 1999-00 | LF KKD /P10/945/2011 21.7.11 | 21,27,28,29,30,31,32,33,34 |
| 2000-01 | LF KKD /P3/231/2010 22.5.10 | 2-1,2-2(1,2) 2-3,3-1, 3-3, 3-4, 3-5, 3-6, 3-7, 4-9, 4-14b |
| 2001-02 | കെഎസ്എ കെകെഡി/എസ്1/2069/16(50) 10.1.17 | 3-2, 4-14b |
| 2002-03 | | |
| 2003-04 | LF KKD /P3/231/2010 22.5.10 | 1-1B,2-1,2-2,2-3, 2-4, 3-3, 3-4,3-5,3-6,3-7,3-8,3-9, 3-10, 3-11,3-12, 3-13, 3-17, 3-18 |
| 2004-05 | LF KKD /P3/231/2010 22.5.10 | 1B, 2-1, 2-2, 3-1, 4-1 A,B,C |
| 2005-06 | LF KKD /P3/231/2010 22.5.10 | 1C, 2-2,2-3,2-5,2-6, 3-1, 3-2, 3-3,3-4,3-5 |
| 2006-07 | LF KKD /P10/653/10 18.1.11 | 1-1, 1-3, 2-1, 2-3(2), 2-6,2-7,2-8, 2-9, 2-10, 2-12, 2-13, 2-14,3-1, 3- |

| | | |
|---|---|---|
| | | 2,<br>3-3, 3-5, 3-6, 3-7, 3-9,3-10, 3-11, 3-12,<br>3-13, 3-14, 3-16, 3-18, 3-19, 3-20, 3-22,<br>3-23, 3-24, 3-25, 4-3, 4-5 |
| 2007-08 | LF KKD /P10/1494/11(1) 5.5.12 | 2-3, 2-5, 3-3, 3-4, 3-7, 3-8, 3-9,<br>3-10(1,2,4), 3-11,3-13, 3-15, 3-16,<br>3-17,3-18, 3-20, 3-31, 3-32, 3-34 |
| 2008-09 | LF KKD /P10/1494/11(2) 8.5.12 | 1-3, 2-1(13), 2-2(6), 2-3, 2-4, 2-6B,<br>2-8, 2-11, 3-2, 3-3, 3-4, 3-5, 3-9, 3-10,<br>3-14, 3-15, 3-16, 3-17, 3-18, 4-6 |
| 2009-10 | LF KKD /P10/115/2014 5.3.14 | 2-1(4), 3-1, 3-3, 3-5, 3-8, 3-9,<br>3-11, 3-15, 3-16, 3-18 |
| 2010-11 | LF KKD /P10/115/2014 5.3.14 | 1-3, 3-2, 3-3(2), 3-4A, 3-10, 3-12 |
| 2011-12 | LF KKD /P10/76/2014 5.3.14 | 2-1,2-3, 2-4, 3-1, 3-3, 3-5, 3-6, 3-7,<br>3-8, 3-10, 3-11, 3-12, 3-13, 3-15,<br>3-16, 3-17 A, B |
| 2012-13, 13-14 | കെഎസ്എ കെകെഡി/പി10/333/15 21.12.17 | 2-1, 3-1, 3-3(1),3-4, 3-5A, B, 3-6,<br>3-9, 3-10, 3-12, 3-13, 3-14, 3-15,<br>3-18(2), 3-22, 3-23, 3-24, 4-1 |
| 2014-15 | LF KKD /P10/1607/2016 28.6.17 | 2-1,3-2, 3-6, 3-7, 3-8, 3-9 |
| 2015-16 | കെഎസ്എ കെകെഡി/പി10/1095/17 4.1.2018 | 2-1, 2-2, 3-1, 3-2, 3-4, 3-5, 3-6,<br>3-8, 3-9, 3-10, 3-11, 3-13, 3-14,<br>3-15, 3-16, 3-17, 3-18 |
| 2016-17 | കെഎസ്എ കെകെഡി/പി10/909/18 22.6.18 | 2-1(1,2,3,4,7), 2-2, 2-2എ, 2-2സി,<br>2-3,2-4,2-5, 3-1(A,B,C), 3-2,3-3,<br>3-6,3-7,3-9,3-10,3-11, 3-12, 3-13,<br>3-14, 3-15, 3-16, 3-17, 3-21(1,4,5,6)<br>3-23, 3-24, 3-26, 3-28,3-29, 3-30, 3-31 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി.10/910/2019 തീ 14/08/2019 | 2-1(1,2),2-4, 2-5, 3-1,3-6,3-7,<br>3-8,3-9,3-12(2),3-17,3-18,3-19, |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി.പി.9/783/20 തീ.03.09.2020 | 1-6(4,5,6,7),1-8, 1-11,1-12(2,10),1-13(7),1-14,1-16,<br>1-17(1,2,3,4),1-22,1-23,1-25,<br>1-26,1-29,1-31,1-32,1-34,1-39 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ ഉണ്ണികുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-2</u>

<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

കോഴിക്കോട് ജില്ലയിലെ ഉണ്ണികുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്